UNIVERSITY LIBRARY
23 FEB 1954
MADRAS

പുസ്തകം 4. 1120 മകരം. ലക്കം 10.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം

(തുടർച്ച)

### ദേവർഷി നാരദ വിരചിത ഭക്തിസൂത്രം

വി. എൻ. പരമേശ്വരൻ നമ്പൂതിരി

**87. ലോകേഽപി ഭഗവദ്ഗുണ ശ്രവണകീർത്തനാത്.**

ജനസമാജത്തിൽക്കൂടി ഭഗവൽഗുണ ശ്രവണകീർത്തനംകൊണ്ടു് ഭക്തിസാധനസമ്പന്നമായിത്തീരുന്നതാണു്.

മനസ്സുകൊണ്ടു് നിത്യവും ഭഗവൽചിന്ത ചെയ്തുകൊണ്ടുതന്നെയിരിക്കണം. എന്നു മാത്രമല്ല വായകൊണ്ടും ചെവികൊണ്ടും എല്ലായിപ്പോഴും, ജനങ്ങളുടെ മദ്ധ്യത്തിൽ വെച്ചു കൂടി ഭഗവാന്റെ ഗുണംതന്നെ പറയുകയും കേൾക്കുകയും വേണം. നമ്മുടെ ഇന്ദ്രിയങ്ങൾ പോലും ഭഗവൽസ്സംബന്ധിയായ കാര്യങ്ങളിൽത്തന്നെ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ മനസ്സുകൊണ്ടുള്ള ഭഗവൽ പരായണപ്രവർത്തനങ്ങൾ ഉടനെ സഫലമായിത്തീരും. പ്രായേണ പറയുന്നതും കേൾക്കുന്നതും എല്ലാ കാര്യങ്ങൾക്കും ആധാരമായിരിക്കുന്നതാണു്. ചെവികളിലെല്ലായ്പ്പോഴും വിഷയസംബന്ധമായ ചർച്ചകൾ വന്നുവീണുകൊണ്ടിരിക്കുകയും വാക്കുകൊണ്ടെപ്പോഴും തദ്വിഷയവാർത്തകൾ പറയുകയും ചെയ്യുമ്പോൾ മനസ്സുകൊണ്ടു് ഭഗവാനെ ചിന്തിക്കുക എന്നതു് അസംഭാവ്യമത്രെ. എന്നാൽ ചെവിയും നാക്കും ഭഗവദ്വിഷയത്തിൽ ലയിച്ചിരിക്കുന്നുവെങ്കിൽ അവക്ക് മറെറാരു കാര്യത്തിന്നും സമയം കിട്ടുന്നതല്ല. അപ്പോൾ മററിന്ദ്രിയങ്ങളും മനസ്സും സ്വാഭാവികമായിത്തന്നെ ഭഗവൽപ്പരായണങ്ങളായിത്തീരും. അതുകൊണ്ടു് ചെവിയേയും നാക്കിനേയും ഭഗവാനെക്കുറിച്ചുള്ള നാമം, ഗുണം, ലീല ഇത്യാദികളെ കേൾക്കുന്ന

തിന്നും പാടുന്നതിന്നും തന്നെ നിരന്തരം വിനിയോഗിച്ചുകൊണ്ടിരിക്കണം. ഇതുതന്നെയാണ് ജീവിതത്തെ സഫലമാക്കിത്തീർക്കുന്നതിന്നുള്ള സാധനം കേവലം ജീവിച്ചിരിക്കൽ, ശ്വസിക്കൽ, ഭോഗങ്ങൾ അനുഭവിക്കൽ എന്നിവ മാത്രമാണ് ജീവിതസാഫല്യം എന്ന് കണക്കാക്കുകയാണെങ്കിൽ വൃക്ഷങ്ങൾ ജീവിച്ചിരിക്കുന്നില്ലെ; കരുവാൻെറ ഉല ശ്വസിക്കുന്നില്ലെ; പശുക്കൾ ഭുജിക്കുന്നില്ലെ; മൈഥുനാദികൾ ചെയ്യുന്നില്ലെ; എന്നാൽ ഇവക്കെല്ലാം ജന്മസാഫല്യം (മോക്ഷം) സിദ്ധിച്ചുവോ? ഇല്ല; തീർച്ചയായും ഇല്ല. ശ്രീമത് ഭാഗവതത്തിൽ പറയുന്നതു് നോക്കുക:—

"ശ്വവിഡ്വരാഹോഷ്ട്ര ഖരൈഃ
സംസ്തുതഃ പുരുഷഃ പശുഃ
ന യൽകർണ്ണ പഥോപേതോ
ജാതു നാമ ഗദാഗ്രജഃ.
ബിലേ ബതോരുക്രമവിക്രമാൻ യേ
ന ശൃണ്വതഃ കർണ്ണപുടേ നരസ്യ
ജിഹ്വാസതീ ദാർദ്ദുരികേവ സൂത
ന ചോപഗായത്യുരുഗായഗാഥാഃ". (2-3-19, 20)

"യാതൊരാളുടെ കർണ്ണപഥത്തിൽ ഭഗവാൻെറ ഗുണനാമങ്ങൾ ഒരിക്കലും പ്രവേശിക്കുന്നില്ലയോ ആ മനുഷ്യരൂപി, പശു, നായ, വിഷ്ഠഭോജിയായ പന്നി, ഒട്ടകം, കഴുത ഇവയെ അപേക്ഷിച്ചു അധികം നിന്ദ്യനാകുന്നു. ഹേ! സൂത, യാതൊരു കർണ്ണപുടങ്ങൾ ഭഗവല്ലീലകളെ കേൾക്കുന്നില്ലയോ അതുകൾ സർപ്പാദികളുടെ ബിലത്തിന്നു തുല്യമാകുന്നു. യാതൊരു ദുഷ്ടമായ നാക്ക് ഭഗവൽ ലീലാകഥാഗാനങ്ങളെ പാടുന്നില്ലയോ അതുകൾ ആടിൻെറ കഴുത്തിലുള്ള മുലകളെപ്പോലെ വ്യർത്ഥവും, അർത്ഥശൂന്യമായ ശബ്ദങ്ങളെ പുലമ്പുന്നവയുമാണു്."

ശ്രീമൽഭാഗവതത്തിൻെറ അവസാനത്തിൽ ഇങ്ങനെ പറയപ്പെട്ടിട്ടുണ്ടു്:—

"മൃഷാ ഗിരസ്താ ഹ്യസതീരസൽകഥാ
ന കഥ്യതേ യദ് ഭഗവാനധോക്ഷജഃ
തദേവ സത്യം തദു ഹൈവ മംഗളം
തദേവ പുണ്യം ഭഗവദ്ഗുണോദയം.
തദേവ രമ്യം രുചിരം നവം നവം
തദേവ ശശ്വന്മനസോ മഹോത്സവം

തദേവ ശോകാണ്ണവശോഷണം നൃണാം
യദുത്തമ ശ്ലോകയശോ/നു ഗീയതേ" (12-12-48,49)

"യാതൊരു വാക്കുകൊണ്ടു് അധോക്ഷജനായ ഭഗവാൻെറ കഥയെ പറയാതെകണ്ടു് വിഷയങ്ങളെസ്സംബന്ധിച്ച ചീത്ത സംഗതിയെ പറയുന്നുവോ ആ വാക്കു് അസത്തും, വ്യത്ഥവുമാകുന്നു. യാതൊരു വാക്കുകളിൽ ഭഗവൽഗുണങ്ങളെ പ്രകടിപ്പിക്കുന്നുണ്ടോ, പുണ്യകീത്തിയായ ഭഗവാൻെറ യശസ്സിനെക്കുറിച്ചു് വണ്ണിക്കുന്നുണ്ടോ വാസ്തവത്തിൽ ആ വാക്കുതന്നെയാണു് സത്യമായിട്ടുള്ളതു്. അതുതന്നെയാണു് മംഗളമായിട്ടുള്ളതു്; അതുതന്നെയാണു് പുണ്യം അതുതന്നെയാണു് മനോഹരം; അതു തന്നെയാണു് രുചിരമായിട്ടുള്ളതു്. അതുതന്നെയാണു് മനസ്സിന്നു മഹത്തായ ആനന്ദത്തെ തരുന്നതു്; അതുതന്നെയാണ മനുഷ്യരുടെ ശോകരൂപമായ സമുദ്രത്തെ വററിക്കുന്നതു്."

അതുകൊണ്ടു് കണ്ണുങ്ങളിൽ ഭഗവൽഗുണനാമശ്രവണവും, നാക്കുകൊണ്ടു് കീത്തനാലാപവും അവശ്യം അനുഷ്ഠിക്കണം. അങ്ങനെ ചെയ്താൽ ഭഗവാനിലുള്ള നിമ്മലപ്രേമം ഉദയംചെയ്യുന്നതാണു്. ഭാഗവതത്തിൽതന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"താ യേ ശൃണ്വന്തി ഗായന്തി
ഹ്യനുമോദന്തിചാദൃതാ:
മൽപരാ: ശ്രദ്ദധാനാശ്ച
ഭക്തിം വിന്ദന്തി തേ മയി" (11-26-29)

"യ ഏതദ്ദേവദേവസ്യ
വിഷ്ണോഃ കമ്മാണി ജന്മ ച
കീത്തയേ ച്ഛ്രദ്ധയാ മർത്ത്യഃ
സർവ്വപാപൈഃ പ്രമുച്യതേ.
ഇത്ഥം ഹരേർഭഗവതോ രുചിരാവതാര-
വീയ്യാണി ബാലചരിതാനി ച ശന്തമാനി
അന്യത്ര ചേഹ ച ശ്രുതാനി ഗൃണൻ മനുഷ്യോ
ഭക്തിം പരാം പരമഹംസഗതൌ ലഭേത." (11-31-27, 28)

"ഭക്തിം ലബ്ധവതഃ സാധോഃ
കിമന്യദവശിഷ്യതേ .
മയ്യനന്ത ഗുണേ ബ്രഹ്മ-
ണ്യാനന്ദാനുഭവാത്മനി." (11-26-30)

ഭഗവാൻ അരുളിച്ചെയ്യുന്നു:—

"യാതൊരു ജനങ്ങൾ എന്നിൽ മനസ്സിനെ സമർപ്പിച്ച് ശ്രദ്ധയോടും ആദരവോടും കൂടി എന്റെ നാമഗുണ ലീലാസ്ഥിതികളെ കേൾക്കുകയും, പാടുകയും, അതുകളെ അനുമോദിക്കുകയും ചെയ്യുന്നുവോ അവൎക്ക് എന്നിൽ അനന്യഭക്തിയുണ്ടാവുന്നതാണ്."

ശ്രീ ശുകദേവൻ പറയുന്നു:—

"ഹേ! രാജൻ, യാതൊരു മനുഷ്യൻ ദേവദേവനായ ഭഗവാന്റെ ദിവ്യമായ ജന്മകൎമ്മങ്ങളെ ശ്രദ്ധാപൂൎവ്വകം പ്രകീൎത്തിക്കുന്നുവോ അവൻ സമസ്ത പാപങ്ങളിൽനിന്നും മുക്തനായിത്തീരുന്നു. ഭഗവാൻ ശ്രീഹരിയുടെ അതിമനോഹരവും, മംഗളകരവും ആയ അവതാരത്തേയും പരാക്രമത്തേയും, ബാലലീലകളേയും കേൾക്കുന്നതുകൊണ്ടും, അതുപോലെ അതുകളെ ഗാനംചെയ്യുന്നതുകൊണ്ടും മനുഷ്യൻ, പരമഹംസന്മാരുടെ ഗതിരൂപമായ ഭഗവാനിൽ പരമമായ ഭക്തിയുള്ളവനായിത്തീരുന്നു."

ശ്രീഭഗവാനരുണൎത്തുന്നു:—

"ഇപ്രകാരം എന്റെ അനന്തഗുണസമ്പന്നമായ സച്ചിദാനന്ദഘനബ്രഹ്മത്തിൽ ഭക്തിയുണ്ടായതിന്നു ശേഷം പിന്നീട് ആ സാധുവിന് മറെറന്തൊരു വസ്തുവാണ് പ്രാപിക്കുവാൻ ബാക്കിയുള്ളത്?" അതായത് അവൻ കൃതാൎത്ഥനായിത്തീൎന്നുന്നു സാരം.

ഭഗവാന്റെ നാമങ്ങളെ ശ്രവിക്കുന്നതുകൊണ്ടും, കീൎത്തിക്കുന്നതുകൊണ്ടും മഹത്തായ ഫലം സിദ്ധിക്കുന്നതാണ്. ഏതുവരെ ഭഗവൽ നാമധ്വനി എത്തുന്നുവോ അതുവരെയുള്ള അന്തരീക്ഷം പവിത്രമായി ഭവിക്കുന്നതാണ്. മൃത്യുസമയത്തു അന്തിമശ്വാസത്തോടുകൂടി ഭഗവാന്റെ നാമം ഏതെങ്കിലും ഭാവത്തിൽ മുഖത്തുനിന്നു പുറപ്പെടുന്നവൎക്കു നിശ്ചയമായും പരമപദപ്രാപ്തിയുണ്ടാവും. ഭഗവൽ നാമകീൎത്തനം നടക്കുന്നേടത്തു യമദൂതന്മാൎക്കു കടന്നുചെല്ലുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു ദോഷാപരാധങ്ങൾ* അകപ്പെട്ടുപോകാതെ ഭഗവാന്റെ നാമജപകീൎത്തനവും ശ്രവണവും ആവശ്യമാചരിക്കേണ്ടതാണ്.

---

* നാമങ്ങളെസ്സംബന്ധിച്ച ദോഷാപരാധം താഴെ പറയുന്നവയാണ്—
1. സജ്ജനനിന്ദ, 2. ഭഗവൽനാമങ്ങളെക്കുറിച്ചു വല്ലതു ചെറുതെന്ന ഭാവന, 3. ഗുരുവിനെ അപമാനിക്കുക, 4. ശാസ്ത്രനിന്ദ, 5 നാമത്തെക്കുറിച്ചു ചെയ്യുന്ന വിവാദം, (അതായതു ഇതു കേവലം പ്രശംസാമാത്രമാണ്. അങ്ങനെ ഒരു ഫലമൊന്നുമുണ്ടാവുന്നതല്ല. എന്നുള്ള മനോഗതം.) 6. നാമസഹായത്തോട

ശ്രീമൽഭാഗവതത്തിൽത്തന്നെ ഒരിടത്തു പറയുന്നു:—

"സാങ്കേത്യം പാരിഹാസ്യം വാ
സ്തോഭം ഹേലനമേവ വാ
വൈകുണ്ഠനാമഗ്രഹണ-
മശേഷാഘഹരം വിദുഃ
അജ്ഞാനാദഥവാ ജ്ഞാനാ-
ദുത്തമശ്ലോകനാമ യത്
സങ്കീർത്തിതമഘം പുംസോ
ദഹേദേധോ യഥാനലഃ." (6-2-14, 18)

പുത്രാദികളുടെ നാമസങ്കേതംകൊണ്ടോ, പരിഹാസത്തിൽ സ്തോഭംകൊണ്ടോ, അവഹേളനംകൊണ്ടോ ഭഗവന്നാമത്തെ ഉപയോഗിക്കുന്നതുകൊണ്ടു കൂടി സമസ്ത പാപങ്ങളും നശിച്ചുപോകുന്നു. അജ്ഞാനത്തോടുകൂടിയോ അഥവാ ജ്ഞാനത്തോടുകൂടിത്തന്നെയോ ഭഗവാന്റെ നാമത്തെ പ്രകീർത്തിക്കുന്ന മനുഷ്യന്റെ പാപത്തെ അഗ്നിയിൽ കൊണ്ടുതള്ളുന്ന വിറകിനെ യാതൊരു പ്രകാരത്തിൽ ഭസ്മമാക്കിത്തീർക്കുന്നുവോ അതുപോലെ ദഹിപ്പിച്ചുകളയുന്നു."

എല്ലാ സൽഗ്രന്ഥങ്ങളിലും ഭഗവന്നാമ മഹാത്മ്യത്തെക്കുറിച്ചു വർണ്ണിക്കുന്നതായി കാണാം. സജ്ജനങ്ങളും അതിനെ പാടിപ്പുകഴ്ത്തുന്നു. ശ്രീമൽഭാഗവതത്തിലുള്ള താഴെ പറയുന്ന പദ്യം ചിന്തനീയമാണ്. ദേവി ദേവഹൂതി ഭഗവാൻ കപിലനോട് ഉണർത്തിക്കുന്നു:

"അഹോ ബത ശ്വപചോ/തോ ഗരീയാൻ
യജ്ജിഹ്വാഗ്രേ വർത്തതേ നാമ തുഭ്യം
തേ പുസ്തപസ്തേ ജുഹുവുഃ സസ്നുരാര്യാ
ബ്രഹ്മാ നൂചുർന്നാമ ഗൃണന്തി യേതേ" (3-33-7)

"അഹോ! യാതൊരാളുടെ ജിഹ്വയിൽ അങ്ങയുടെ പവിത്രമായ നാമം സ്ഥിതിചെയ്യുന്നുവോ അവൻ ചണ്ഡാളനായാൽക്കൂടി ശ്രേഷ്ഠനാകുന്നു. എന്തുകൊണ്ടെന്നാൽ യാതൊരാൾ അങ്ങയുടെ നാ

---

കൂടി പാപം ചെയ്യു. (ആമെ ചുട്ടകയാണെങ്കിൽ മലത്തിച്ചുടണം; ഞാനെന്നു മറിഞ്ഞില്ല നാരായണ എന്ന മട്ട്!) 7. ധർമ്മം, വ്രതം, ദാനം യജ്ഞം മുതലായവകളോടു നാമത്തെ തുലനംചെയ്യുക, 8. അശ്രദ്ധാലുക്കളും ഹരിവിമുഖരും കേൾക്കുവാൻ ഇഷ്ടമില്ലാത്തവരുമായവർക്ക് നാമത്തെ ഉപദേശിക്കുക, 9. നാമമാഹാത്മ്യം കേട്ടിട്ടുകൂടി അതിൽ പ്രേമം തോന്നാതിരിക്കുക. 10. അഹങ്കാരത്തിലും മമതയിലും അതുപോലെത്തന്നെ ഭോഗാദിവിഷയങ്ങളിലും ആസക്തിയുണ്ടായിരിക്കുക.

*

മത്തെ പ്രകീർത്തിക്കുന്നുവോ, ആ ശ്രേഷ്ഠപുരുഷൻ തപസ്സ്, യജ്ഞം, തീർത്ഥസ്നാനം, വേദാധ്യയനം എന്നിവയെല്ലാം ചെയ്തുകഴിഞ്ഞു."

"പതിതഃസ്ഖലിതശ്ചാർത്തഃ
ക്ഷുത്വാ വാ വിവശോ ബ്രുവൻ
ഹരയേ നമ ഇത്യുച്ചൈ-
ർമ്മുച്യതേ സർവ്വപാതകാത്.
സങ്കീർത്യമാനോ ഭഗവാനനന്തഃ
ശ്രുതാനുഭാവോ വ്യസനം ഹി പുംസാം
പ്രവിശ്യ ചിത്തം വിധുനോത്യശേഷം
യഥാ തമോ/ർക്കോട ഭ്രമിവാതി വാതഃ" (12-12-46,47)

"യാതൊരു മനുഷ്യൻ വീഴുമ്പോഴും, വീണുകിടക്കുമ്പോഴും, ദുഃഖിച്ചു നിലവിളിക്കുമ്പോഴും, പീഡിതനായി പരവശനായിരിക്കുന്ന സമയത്തുംകൂടി ഉച്ചസ്വരത്തിൽ "ഹരയേ നമഃ" എന്നു ഉറക്കെ നിലവിളിച്ചു പറയുന്നുവോ അവൻ എല്ലാ പാപങ്ങളിൽനിന്നും മോചിക്കപ്പെടുന്നു. സൂര്യൻ പർവ്വതങ്ങളിലുള്ള ഗഹനങ്ങളായ ഗുഹകളിലെ അന്ധകാരത്തെക്കൂടി നശിപ്പിക്കുന്നതുപോലെയും, പ്രചണ്ഡവായു മേഘങ്ങളെ ഛിന്നഭിന്നമാക്കി നശിപ്പിച്ചുകളയുന്നതുപോലെയും അനന്തഭഗവാൻെറ നാമകീർത്തനം, അല്ലെങ്കിൽ അദ്ദേഹത്തിൻെറ പ്രഭാവപ്രസംഗശ്രവണം ഹൃദയത്തിൽ പ്രവേശിച്ചു സമസ്തദുഃഖങ്ങളേയും നശിപ്പിച്ചു കളയുന്നു!"

ഇപ്പറഞ്ഞതാകട്ടെ വിവശനായി ചെയ്യുന്ന നാമജപത്തിൻെറ ഫലമാണ്. പ്രേമത്തോടുകൂടി പുകഴ്ത്തിപ്പാടുന്നതിൻെറ കഥ പിന്നെ പറയാനുണ്ടോ?

ശ്രീനാരായണ നാമമാദരവോടേ
കീർത്തിപ്പവർക്കേറിട്ടും
നാനാപാപമതല്ല ജന്മവുമുടൻ
ഭസ്മീഭവിക്കും ദൃഢം
ദീനാമാനനമാധി വൈരമിവയാ-
ലെന്നെന്നുമേ ഭീതിദം-
താനാകും ഭവസിന്ധു ഗോഷ്പദ സമം
ചാടിക്കടക്കാം സുഖം.

അതുകൊണ്ടു് ഭക്തി പ്രാപ്തിക്കുവേണ്ടി നിരന്തരം ആ ഭഗവാൻെറ യശോഗുണകീർത്തനവും തൽശ്രവണചിന്തനവും നിസ്സന്ദേഹം അനുഷ്ഠിക്കുന്നതു് പരമമായ സാധനതന്നെയാണ്.

38. മുഖ്യതസ്തു മഹൽകൃപയൈവ ഭഗവൽ കൃപാലേശാദ്വാ.

എന്നാൽ പ്രേമഭക്തി പ്രാപ്തിക്കുള്ള സാധനമുഖ്യമായി പ്രേമികളായ മഹാപുരുഷന്മാരുടെ കൃപകൊണ്ടോ അഥവാ ഭഗവൽകൃപാലേശമാത്രംകൊണ്ടോ ലഭ്യമായിത്തീരുന്നു.

വിഷയവും വിഷയാസക്തിയും ത്യജിച്ച് അഖണ്ഡഭജനത്തിന്റെയും, ശ്രവണകീർത്തനങ്ങളുടേയും അനുഷ്ഠാനത്തെപ്പററി പറഞ്ഞതിനുശേഷം ഇപ്പോൾ ഒരാളുടെ പ്രതാപംകൊണ്ടുതന്നെ ഈ മൂന്നും ഒരേ അടിക്ക് തന്നെത്താൻ നേടാവുന്ന ഒരു സാധനയെ കുറിച്ച് പറയുന്നു. മഹാപുരുഷന്മാരുടെ കൃപയാണ് ആ സാധന. മഹാപുരുഷന്മാർ എപ്പോഴും കൃപാലുക്കൾതന്നെയാണെങ്കിലും ശ്രദ്ധാവിശ്വാസപൂർവ്വകം അവരുമായി ഇടപഴകുന്നത് അത്ര എളുപ്പമല്ല. മഹാപുരുഷന്മാരുമായി ഇടപഴകുവാൻ തുടങ്ങിയാൽ വിഷയങ്ങൾ തന്നെത്താൻ അകന്നുപോകുന്നു. അവരുടെ സംഗം കൊണ്ട് ഭഗവൽഗുണഗണശ്രവണ കീർത്തനങ്ങൾ ആചരിക്കേണ്ടിവരികയും, രാവുപകൽ തദ്വിഷയമായി എന്തെങ്കിലും കേൾക്കുകയും, പറയുകയും, കാണുകയും ചെയ്യുന്നതിനാൽ അതുകളുടെ സ്മരണ അനിവാര്യമായിത്തീരുന്നു. എന്നാൽ മഹാപുരുഷന്മാരുടെ കൃപകൊണ്ടുതന്നെ ഫലരൂപമായ പ്രേമഭക്തി പ്രാപ്തിയുണ്ടാകുമെന്ന് ഇവിടെ പറഞ്ഞ ആ മഹാപുരുഷന്മാർ കേവലം ശാസ്ത്രജ്ഞാനികളും സദാചാരനിരതന്മാരും മാത്രമായിരിക്കില്ല, ഭഗവാന്റെ സ്വരൂപതത്വങ്ങളെ യഥാർത്ഥരൂപത്തിൽ അറിഞ്ഞു അതിൽ അനന്യപ്രേമത്തോടുകൂടിയ ഭക്തരായിരിക്കും. അങ്ങനെയുള്ള പ്രേമികളായ ഭക്തന്മാരുടെ സംഗത്തിന് വലിയ മഹിമയുണ്ട്. അതുകൊണ്ടു യജ്ഞധൂമത്താൽ പവിത്രഗാത്രരും കർമ്മകാണ്ഡവിജ്ഞാനവിത്തുക്കളുമായ ഋഷിമാർ, ഭഗവൽചരണകമലരസാമൃതപാനംചെയ്യുന്ന പ്രേമമൂർത്തിയായ സൂതനോടു പറയുന്നു:—

"തുലയാമ ലവേനാപി
നസ്വർഗ്ഗം നാപുനർഭവം
ഭഗവൽസങ്ഗിസങ്ഗസ്യ
മർത്ത്യാനാം കിമുതാശിഷഃ"

(ശ്രീമൽഭാഗവതം: 1-18-13)

"ഹേ! സൌമ്യ, ഭഗവൽസ്സംഗികളായ പ്രേമികളുടെ നിമിഷനേരത്തേക്കെങ്കിലുമുള്ള സംഗത്തെ സ്വർഗ്ഗാദികളുടെ സംഗതി

യിരിക്കട്ടെ, പുനർജന്മത്തെ നശിപ്പിക്കുന്ന മുക്തിയോടുപോലും സാമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല. പിന്നെ മർത്ത്യലോകത്തിലുള്ള രാജ്യാദിസമ്പത്തുകളുടെ കഥ പറയാനുണ്ടോ?" ഇതിനെത്തന്നെ മറെറാരു ഭക്തൻ പ്രകാരാന്തരേണ പറയുന്നു:—

സ്വർഗ്ഗാപവർഗ്ഗസുഖമബ്ജജനാനന്നാരിക്കൽ
സൽസ്സംഗമോടുതുലനത്തിന്നു തൂക്കിനോക്കി
വന്നീലനിന്നു സമമായവ തെല്ലുപോലും;
സൽസ്സംഗമേവ നിയമേന സമാചരിപ്പിൻ!

അന്തക്കരണത്തിന്റെ ഈ ശുദ്ധിവരുത്തി മോക്ഷപ്രാപ്തിവരുത്തിത്തരുന്നതു് ആ സൽസ്സംഗത്തിന്റെ മഹിമയല്ല. എന്തുകൊണ്ടെന്നാൽ മോക്ഷത്തിനോടു് ലവലേശമെങ്കിലും ഇപ്രകാരമുള്ള സൽസ്സംഗത്തെ തുലനംചെയ്യുന്നതുപോലും അസംഗതമാണെന്നു ഇവിടെ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു ആ ഭഗവൽതത്വത്തിന്റെ ജ്ഞാതാവായി ഭഗവൽപ്രേമത്തിന്റെ പ്രകാരാന്തരങ്ങളിൽ ആനന്ദിച്ചുകൊണ്ടു് മോക്ഷസന്ന്യാസിയായി, ഭഗവൽസ്സംഗിയായി—സൌന്ദൎയ്യപൂൎണ്ണനം, മധുരതമലീലാവിഹാരിയുമായ ഭഗവാന്റെനിത്യലീലാസംഗിയായി—പ്രേമിയായിരിക്കുന്നഭക്തന്റെ, ഇവിടെ വർണ്ണിക്കപ്പെട്ടകൃപ കേവലം ആ മുക്തിയെമാത്രമല്ല, ഭഗവാന്റെ പ്രേമരൂപമായ ഭക്തി പ്രാപ്തിയെക്കൂടി അനായാസേന വരുത്തിത്തരുന്നു. എന്തുകൊണ്ടെന്നാൽ മുക്തിയെ അങ്ങനെയുള്ള പ്രേമി ആഗ്രഹിക്കുന്നതേയല്ല! വിശിഷ്യ മുക്തിയിലുള്ള ആഗ്രഹത്തെപ്പോലും ആ പ്രേമരൂപമായ ഭഗവൽഭക്തിയുടെ ഉല്പത്തിക്ക് ബാധകമായ പിശാചാണെന്നു് വിചാരിച്ചു് അതിനെ തിരസ്കരിക്കുന്നു! അങ്ങനെയുള്ള പ്രേമികളായ ഭക്തന്മാരുടെ കൃപ യാതൊരാളിലുണ്ടാകുന്നുവോ, യാതൊരു പുരുഷൻ അങ്ങനെയുള്ള ഭക്തന്മാരുടെ സംഗത്തിന്നു വിധേയനാകുന്നുവോ, യോഗജ്ഞാനാദികൾകൊണ്ടുപോലും വശത്താകാത്ത ആ ഭഗവാൻ നിശ്ശ്രേയസം അവന്നു് വശഗനായിത്തീരുന്നു! ഭഗവാൻ തന്റെ ഭക്തനായ ഉദ്ധവരോടു് സ്വയം അരുളിച്ചെയ്യുന്നു:—

"ന രോധയതി മാം യോഗോ
ന സാംഖ്യം ധർമ്മ ഏവ ച
ന സ്വാദ്ധ്യായസ്തപസ്ത്യാഗോ
നേഷ്ടാ പൂർത്തം ന ദക്ഷിണാ,

വ്രതാനി യജ്ഞശ്ഛന്ദാംസി
തീർത്ഥാനി നിയമാ യമാഃ
യഥാവരുന്ധേ സൽസംഗഃ
സർവ്വസംഗാപഹോ ഹി മാം."

(ശ്രീമൽഭാഗവതം; (11-12-1,2)

"ഹേ! ഉദ്ധവാ, മറെറല്ലാ സംഗങ്ങളുടേയും നിവാരണം ചെയ്യുന്ന സൽസ്സംഗംകൊണ്ടു് ഞാൻ ഏതൊരു പ്രകാരത്തിൽ വശഗനായിത്തീരുന്നുവോ അതുപോലെ, യോഗം, ജ്ഞാനം, ധർമ്മം, വേദാധ്യയനം, തപസ്സ്, ത്യാഗം, ഇഷ്ടാപൂർത്തം, ദക്ഷിണ, വ്രതം, യജ്ഞം, ഛന്ദസ്സ്, തീർത്ഥം, യമം, നിയമം ആദിയായവ ഒന്നുകൊണ്ടുംതന്നെ അധീനനായിത്തീരുന്നില്ല.

അതായതു് മററുള്ള എല്ലാ സാധനയും സകാമഭാവത്തോടുകൂടിയാകുന്നതുകൊണ്ടു് ഭോഗാദികളും സ്വർഗ്ഗാദികളും നൽകുന്നു. ഇതാകട്ടെ നിഷ്കാമകർമ്മത്തോടുകൂടിയായതുകൊണ്ടു് അന്തക്കരണശ്ശുദ്ധിയേയും മുക്തിയേയും പ്രാപിപ്പിക്കുന്നു. ലീലാവിഹാരിയായ ഭഗവാനെ ഋജ്ജുവായി വശത്താക്കുന്നതു് കേവലം ഒരു സർവ്വതന്ത്രസ്വതന്ത്രവും, അനന്യവും, വിശുദ്ധവുമായ പ്രേമം മാത്രമാണു്. അതു് അങ്ങനെ ഒരു അഭ്യാസംകൊണ്ടൊന്നും കിട്ടുന്നതല്ല; കേവലം ഭഗവൽസ്സംഗികളായി, പ്രേമികളായിരിക്കുന്ന മഹാപുരുഷന്മാരുടെ മഹത്തായ കൃപകൊണ്ടു മാത്രമേ ലഭിക്കയുള്ളു.

ഭക്തി സ്വാതന്ത്ര്യം സകലസ്സുഖങ്ങൾതൻ
മഹാഫലമാകും ഖനി കാമ്യമാകുമേ
സൽസ്സംഗമൊന്നാലതുലഭ്യ, മന്യഥാ
പ്രാണിക്കതെ പ്രാപ്യമസംശയം സഖേ!

അതെ ഭഗവാൻ അനുഗ്രഹിക്കുന്നുവെങ്കിൽ സ്വയമേവ തൻെറ പ്രേമത്തെ നൽകുവാൻ കഴിയുന്നു; അദ്ദേഹത്തിൻെറ കൃപാലേശംകൊണ്ടുതന്നെ പ്രേമം ലഭ്യമാകുന്നു.

എന്നാൽ ശാശ്വത കൃപാവർഷം പൊഴിക്കുന്ന ഭഗവാൻെറ കൃപാബിന്ദുപോലും ഭഗവതീയരായ മഹാപുരുഷന്മാരുടെ കൃപകൊണ്ടു മാത്രമേ ജീവലോകത്തിന്നു കിട്ടുവാൻ വഴിയുള്ളു! അതുകൊണ്ടു അങ്ങനെയുള്ള പ്രേമികളായ ഭക്തന്മാരുടെ സംഗംതന്നെയാണു് പ്രധാനസാധന. പക്ഷെ അങ്ങനെയുള്ള സംഗം പ്രാപിക്കുവാൻ തൻെറ സാമർത്ഥ്യംകൊണ്ടു സാധിക്കുന്ന കാര്യമല്ല. അതുകൊണ്ടുതന്നെയാണു് ദേവർഷി നാരദൻ അടുത്ത സൂത്രംകൊണ്ടു മഹൽസംഗം ദുർലഭമാണെന്നു പറയുന്നതു്. (തുടരും)

# "ദേഹിപദപല്ലവമുദാരം"

(സി. ദാമോദരമേനോൻ, വിലങ്ങൻ)

ഭക്തകവികുലാവതംസമായ ജയദേവന്റെ ഗീതാഗോവിന്ദം സംസ്കൃതസാഹിത്യത്തിലെ ഒരമൂല്യനിധിയായിട്ടാണ് ആസ്തികന്മാർ കരുതിപ്പോരുന്നതു്. കളമധുരോദാരമായ ശബ്ദഭംഗിയും അർത്ഥപുഷ്ടിയും ഒത്തിണങ്ങിയ പ്രസ്തുത കൃതി സംസ്കൃതപദങ്ങളുടെ സംഗീതവിധേയതക്കു വിശേഷോത്തരമായ ഒരു മാതൃകയാണെന്നു പറയുന്നതിൽ തെറ്റില്ല. സംഗീതസാഹിത്യങ്ങളുടെ സമതുലിതമായ സമ്മേളനത്താൽ ഗീതാഗോവിന്ദം രസികരസായനമായിതന്നെ നിലകൊള്ളുന്നു.

ഗീതാഗോവിന്ദത്തിലെ ഓരോ ഗീതവും വേണുഗാനലോലനായ വനമാലിയുടെ അനുഗ്രഹാശിസ്സുകളോടെയാണ് ജയദേവകവിയുടെ ജിഹ്വയിൽനിന്നു നിഃസൃതമായിട്ടുള്ളതു്. ജയദേവനും പത്നിയായ പത്മാവതിയും രാധാമാധവന്മാരെ അത്രമാത്രം ഉപാസിച്ചു് പ്രീതിപ്പെടുത്തിയിട്ടുള്ള ദംപതിമാരായിരുന്നു.

ഗീതാഗോവിന്ദത്തിലെ ഉദ്ധൃതഗീതാശകലം രാസവിലാസവിലോലനായ ആ മുരളീധരന്റെ തൃക്കൈവിളയാട്ടമാണെന്നാണ് ഐതിഹ്യം.

ജയദേവൻ ഗൌഡദേശാധിപനായ ലക്ഷ്മണസേനന്റെ ആസ്ഥാനപണ്ഡിതനായിട്ട് കൊട്ടാരത്തിൽ താമസിക്കുന്ന കാലത്താണ് ഗീതാഗോവിന്ദനിർമ്മിതിക്കു അദ്ദേഹത്തിനു പ്രേരണ കിട്ടിയതു്. എന്നാൽ തന്റെ ഗ്രന്ഥനിർമ്മിതിക്കു രാജകൊട്ടാരത്തിലെ ജീവിതം പററിയതായിട്ടു ജയദേവനു തോന്നിയില്ല. അതിനാൽ ജയദേവൻ പത്നിയോടൊരുമിച്ചു സ്വവസതിയിലേക്കുതന്നെ താമസം മാററി. ജയദേവൻ ദേവലീനചിത്തനായി ഗീതകങ്ങൾ രചിക്കുക പതിവായിരുന്നു. ഒരു ദിവസം ജയദേവകവി,

"സ്ഥലകമലഗഞ്ജനം മമഹൃദയരഞ്ജനം
ജനിതരതിരംഗപരഭാഗം
ഭണ മസൃണവാണി കരവാണി ചരണദ്വയം
സരസലസദലക്തകസ്വരാഗം
സ്മരഗരളഖണ്ഡനം മമശിരസിമണ്ഡനം—"

എന്ന ഗീതം ഇത്രയും എഴുതി ബാക്കി ഭാഗം മുഴുമിക്കുവാൻ ശരി

യായ പദങ്ങൾ തോന്നാതെ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണു പത്നിയായ പത്മാവതി വന്നു ഊണു കാലമായി എന്നു അറിയിച്ചതു്. ജയദേവൻ ഗ്രന്ഥക്കെട്ടിനെ പത്നിയെ ഏല്പിച്ചു് കുളിക്കുവാനായി ഗംഗാതീരത്തിലേക്കു പോയി.

കുളിക്കുവാൻപോയ കവി കുളിക്കാതെ ഉടനെതന്നെ തിരികെ വരുന്നതു കണ്ടപ്പോൾ പത്മാവതി ചോദിച്ചു "എന്താണു് കുളിക്കാതെ മടങ്ങിയതു്". സരളഹൃദയയായ പത്മാവതിക്കു ആ ആൾമാറാട്ടക്കാരനെ മനസ്സിലായില്ല. കുറെ അങ്ങു ചെന്നപ്പോഴാണു് ബാക്കി പദം തോന്നിയതു്. ആ ഗ്രന്ഥക്കെട്ടു് ക്ഷണമിങ്ങു എടുത്തുകൊണ്ടുവരൂ". ആ മായാവിയുടെ ഉത്തരമായിരുന്നു ഇതു്.

പത്മാവതി ഭർത്തൃനിർദ്ദേശമനുസരിച്ചു് ഗ്രന്ഥവും തൂലികയും എടുത്തുകൊടുത്തു. കപടവേഷധാരിയായ ആ ദേവകീനന്ദനൻ ഗ്രന്ഥം വാങ്ങിച്ചു് ഗീതത്തിന്റെ ബാക്കി ഭാഗം എഴുതി ചേർത്തു. "ദേഹി പദപല്ലവമുദാരം".

"ഇനി ഇപ്പോൾ കുളി വേണ്ട. കാലും മുഖവും കഴുകിയാൽമതി." എന്നു പറഞ്ഞു് ആ കൃത്രിമ ജയദേവൻ പത്നിയോടു വെള്ളം വാങ്ങി ദേഹശുദ്ധിവരുത്തി ഉണ്ണാനിരുന്നു. ഊണുകഴിഞ്ഞു പതിവുപോലെ കിടക്കുവാൻ ശയനമുറിയിലേക്കു പോകയും ചെയ്തു. പത്മാവതി ഭർത്താവിന്റെ ഉച്ഛിഷ്ടത്തിലേക്കുതന്നെ തനിക്കുള്ള ചോറുംവിളമ്പി ഊണിനിരുന്നു.

കുളി കഴിഞ്ഞു മടങ്ങിവന്ന സാക്ഷാൽ ജയദേവനു പത്മാവതി തന്നെ കാക്കാതെ ഊണുകഴിക്കുന്നതു കണ്ടിട്ടു ആശ്ചര്യമാണു് ഉണ്ടായതു്. "ഇതെന്താണു് പത്മ. ഞാൻ വരുന്നതുവരെ കാക്കുവാൻ നിനക്കു ക്ഷമയില്ലെ. നീ ഇങ്ങിനെ ഒരിക്കലും ചെയ്യുകണ്ടിട്ടില്ലല്ലൊ.

ഇതെന്താണു് നാഥ! അവിടുന്നു ഗീതം മുഴുവനാക്കിയിട്ടു ഊണും കഴിഞ്ഞു ഇപ്പോൾ കിടക്കാൻ പോയതല്ലെയുള്ളൂ."

ജയദേവൻ ആശ്ചര്യഭരിതനായി കിടപ്പറയിലേക്കു ഓടി. അവിടെയാരുമില്ല. ഉടനെ ഗ്രന്ഥമെടുത്തു നോക്കി. "ഹയ്യൊ! ഞാനിതുതന്നെയാണല്ലൊ എഴുതണമെന്നു വിചാരിച്ചതു്. എങ്കിലും അങ്ങിനെ എഴുതുവാൻ എനിക്കു കൈവന്നില്ല." ജയദേവൻ മനസ്സിൽ വിചാരിച്ചു,

"മമ ശിരസിമണ്ഡനം ദേഹിപദവല്ലവമുദാരം.

(എന്റെ ശിരസ്സിനലംകാരമാക്കാൻ നിന്റെ ആ പദപല്ലവം

ഇങ്ങുനീട്ടു) എന്നു തന്റെ ഉപാസനാമൂൎത്തിയായ ഭഗവാനെക്കൊണ്ടു രാധയോടു പറയിപ്പിക്കുന്നതു് സാഹസമായിരിക്കുമല്ലൊ എന്നു സങ്കോചത്താലാണു് ജയദേവൻ "ദേഹിപദപല്ലവമുദാരം" എന്ന ഭാഗം ആദ്യം എഴുതാതിരുന്നതു്.

ജയദേവൻ ഭക്തിപരവശനായിട്ടു് അടുക്കളയിലേക്കു ഓടിച്ചെന്നു പത്മാവതിയുടെ ഇലയിൽനിന്നു ചോറുവാരി ഭക്ഷിക്കുവാൻ തുടങ്ങി. പത്മാവതി, ഭൎത്താവിന്റെ ഈ അസാധാരണമായ പെരുമാററം കണ്ടു പരിഭ്രമിച്ചു് ഇല പുറകോട്ടു വലിച്ചു. ജയദേവൻ ഭ്രാന്തനെപ്പോലെ ഇലതട്ടിപ്പറിച്ചു അതു മുഴുവൻ നക്കിത്തുടച്ചു "പത്മാവതി നീയാണു ഭാഗ്യവതി! ഭഗവാൻ നിന്റെ കയ്യിൽനിന്നു വെള്ളം വാങ്ങി ആചമിച്ചു. നീ വിളമ്പിക്കൊടുത്ത ചോറുണ്ടു. ഭഗവാന്റെ ഉച്ഛിഷ്ടം—പ്രസാദം—നിനക്കു ലഭിച്ചു. എനിക്കൊ?" ജയദേവന്റെ കണ്ണുകളിൽനിന്നു അശ്രുധാരധാരയായി ഒഴുകി.

———s———

## ക്ഷേമഗാനം

—വിദ്വാൻ കണ്ണത്തു് മാധവൻ നായർ—

മാനസമായിടുമമ്പലത്തിൽ
മേവുന്ന പൂതസിംഹാസനത്തിൽ,
പാഴററ മോഹത്തിലാണ്ടു കഷ്ടം!
വാഴിച്ചു സ്വാൎത്ഥപ്പിശാചികയെ,
രക്താഭിഷേകം നടത്തി നിത്യം
പുത്തൻ കപാലമാല്യങ്ങൾ ചാൎത്തി
ചോരയിൽ മുക്കിയ നൽക്കബന്ധം
വാരനിവേദ്യവും ചെയ്തുമേന്മേൽ
ഉല്ലൂടകാപട്യമന്ത്രമോതി—
യൎച്ചിച്ചു കണ്ണുനീർത്താരുകളാൽ
പ്രീതിപ്പെടുത്തിയവളിൽ നിന്നു—
മാനന്ദാനുഗ്രഹം നേടുവാനായ്
കാത്തിരുന്നീടുകയാണു ലോകം
വാത്സല്യഹീന മനവരതം!

ഭൂവേ, നീയുണ്ടായ നാൾമുതല്ക്കീ-
സേവ തുടങ്ങിയിട്ടെന്തു കിട്ടി?
ആനന്ദം നിൻ ചിരകാംക്ഷിതമാ-
മാനന്ദമെങ്ങുവാൻ? കണ്ടുവോ നീ
സ്വാർത്ഥപ്രതിപത്തി വാച്ചിടുമ്പോ-
ളാർത്തു മുന്നേറുന്നിതന്ധകാരം.
പൊങ്ങുന്ന വാനിലിരുണ്ട മേഘ-
മെങ്ങു മഴൽക്കൊട്ടും കാററടിപ്പൂ.
വെട്ടുന്ന വെള്ളിടിയെട്ടുദിക്കും
ഞെട്ടുംപടി, പുഭാരണിവർഷം.
പാരിതു നാരകദേവത തൻ
ഘോരമാം നൃത്തരംഗമായി.
അപ്പിശാചിന്റെയനുഗ്രഹങ്ങ-
ളെപ്പൊഴുമിമ്മട്ടിലായിരിക്കും.

ആനന്ദം വിശ്വമേ, നീ തിരയു-
മാനന്ദം സ്വാർത്ഥമതുള്ളകില്ല.
സത്വരമാട്ടിയോടിക്കുക നീ
ചിത്തത്തിൽ വാഴുമാരാക്ഷസിയെ,
തിങ്ങും പരിശുദ്ധി ചേർത്തുചേലി-
ലങ്ങൊരു രമ്യത ചേർത്തുനീളെ
പൂതപരിത്യാഗദേവതയെ
ജാതകുതുകം പ്രതിഷ്ഠചെയ്യൂ,
നിത്യമാരാധിക്കിലെത്തുമല്ലോ-
ളത്യന്തസുന്ദരഭാവുകങ്ങൾ.
മണ്ടുമവിദ്യ, കർത്തവ്യബോധ-
മിണ്ടലകററുവാൻ വന്നുചേരും.
സ്നേഹപ്രദീപംകൊളുത്തുമത്തു
മോഹനമാർഗ്ഗം തെളിച്ചു കാട്ടും
കല്യാണകർമ്മങ്ങൾ പൂത്തണിപ്പൂ.
കല്യമാം വാടിയിലേക്കു നിന്നെ
കൊണ്ടുപോയിട്ടവയെ വേണ്ടും
മട്ടിൽഫലേച്ഛയെന്നിയേ നീ
ശുശ്രൂഷചെയ്യു തപസ്സുചെയ്താ-
ലെത്തും സുശാന്തിയനുഗ്രഹിപ്പാൻ

# ആശിക്കേണ്ട പുരോഗതി

(പി. ഗോവിന്ദമേനോൻ)

പരിതഃസ്ഥിതികളുടെ പിടിയിൽപെട്ടു വിഷമിക്കുന്ന ഒരു അസ്വതന്ത്രനായി മാത്രം മനുഷ്യനെ ഗണിക്കാമോ? അവനു് ഒരു ഉറച്ച വ്യക്തിത്വത്തിലെത്തിക്കൂടേ? അതോ, പണിക്കാരൻെറ കയ്യിലുള്ള ആയുധംപോലെ തിരിച്ചും മറിച്ചും പ്രയോഗിക്കപ്പെടുന്നതിന്നനുസരിച്ചു പ്രവൎത്തിതമായിത്തീരുന്ന നിലയിൽ പ്രകൃതിശക്തികളുടെ ആജ്ഞയനുസരിച്ചു തുള്ളുകമാത്രമോ അവനു ഗതി? ഗൌരവമേറിയ ചിന്തയെ അൎഹിക്കുന്ന ഒരു പ്രശ്നംതന്നെയാണിതു്.

ചില പാശ്ചാത്യചിന്തകന്മാരുടെ ആശയഗതി പ്രകാരം ലോകത്തിൽ തിന്മ കുറഞ്ഞുകൊണ്ടു വരികയാണെന്നും ഒടുവിൽ നന്മ മാത്രം ശേഷിക്കുന്ന ഒരു നില വരുമെന്നും അഭിപ്രായമുണ്ടു്. എങ്ങോട്ടെന്നില്ലാതെ അപരിമിതമായങ്ങനെ പുരോഗമിക്കുക എന്നതു കേൾക്കുവാൻ രസമുള്ളതുതന്നെ. എന്നാൽ ചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഈ അഭിപ്രായഗതിക്കു് അടിത്തറയില്ലെന്നു കാണാവുന്നതാണു്. നന്മയും തിന്മയും ഇടകലൎന്നല്ലാതെയുള്ളൊരു കാലം എന്നുമുള്ളതായറിവില്ല, ചില ഭാവനാശാലികളുടെ സങ്കല്പങ്ങളിലല്ലാതെ. ശാരീരികശക്തിയുടെ വിളയാട്ടങ്ങളാണു് അപരിഷ്കൃതരുടെയിടയിലെങ്കിൽ, ബുദ്ധിശക്തിയുടെ പ്രകടനങ്ങളാണു് പരിഷ്കൃതരുടെയിടയിലധികവുമെന്നേ സാമാന്യമായി ഭേദമുള്ളു. സ്വാൎത്ഥപ്രക്ഷുബ്ധമായ സുഖലാഭേച്ഛ തന്നെയായിരിക്കും അടിയിൽ നോക്കിയാൽ കാണുക.

നന്മയും തിന്മയും രണ്ടു വ്യത്യസ്തഭാവങ്ങളാണെന്നുള്ള ധാരണയാണു് ഒന്നില്ലാതെ മററതിനെ മാത്രം തിരിച്ചുനിൎത്തുവാനുള്ള പ്രസക്തിക്കു ഹേതു. എന്നാൽ ഒരു നാണയത്തിൻെറ അകവും പുറവുംപോലെ ബന്ധപ്പെട്ടാണവ കിടക്കുന്നതു്. രണ്ടിനേയും അതതിൻെറ അതിൎത്തിയിൽ നിൎത്തി, അതിന്നൊക്കെ കാരണമായ തത്വത്തിലെത്തിച്ചേരത്തക്കവിധം പ്രവൎത്തിക്കുകയാണു് മനുഷ്യൻ ചെയ്യേണ്ടതു്. ദ്വന്ദ്വബാധ നിറഞ്ഞ ഈ ലോകം അതിൽക്കൂടെ മനുഷ്യരെ ഭേദമററ ഒരു നിലയിലെത്തിക്കുകയാണു് ചെയ്യുന്നതു്. ലോകം പ്രാപ്യസ്ഥാനമല്ല, ലക്ഷ്യത്തിലെത്തുവാനുള്ള പ്രവൃത്തിരംഗമാണു്. ഈ സത്യം എപ്പോഴും മനസ്സിൽ ഉറപ്പിക്കേണ്ടിയി

രിക്കുന്നു.

എന്നാൽ നന്മയിലേയ്ക്കെത്തിയാലേ അതിലും ഉപരിയായ ശാശ്വതസുഖസ്ഥാനത്തെ പ്രാപിക്കാനൊക്കൂ. അതുകൊണ്ടു തിന്മകളെ കുറയ്ക്കുവാൻതന്നെയാവണം ഓരോരുത്തന്റേയും കഠിനയത്നം. തിന്മയെ നീക്കി നന്മയെ മാത്രം സ്വീകരിക്കത്തക്ക നില വ്യക്തിക്കു ലഭിക്കും എന്നാൽ ലോകത്തിനൊന്നാകെ ഒരേ കാലത്തു ആ നില വന്നുചേരുകയെന്നതു് മരുമരീചിക വാസ്തവമായിത്തീരുമ്പോഴേ സാധിക്കൂ. ഭൗതികമായ സമത്വം ഉണ്ടായിത്തീർന്നാലൊക്കെയായെന്നു കരുതുന്നതു ഭോഷത്വമാണ്. ചൂഷണം തീർച്ചയായും അവസാനിപ്പിക്കേണ്ടതുതന്നെ. പക്ഷേ, ഇന്നത്തെ ചിലരെ ആ സ്ഥാനങ്ങളിൽനിന്നു നീക്കി മററു ചിലരെ അവിടെ കയററുന്നതുകൊണ്ടെന്തു ഗുണം കിട്ടും? മർദ്ദിതരുടെ ഭാഗം സ്വയം ഏറെറടുത്തു മിനക്കെടുന്നവരിൽ അത്തരത്തിൽ പെട്ടതാവുന്നവരെയുമുണ്ടെന്നു സൂക്ഷിക്കേണ്ടതുണ്ടു്. മണൽകൊണ്ടു കയറുപിരിക്കുവാൻ ശ്രമിക്കുന്നതു വിഫലമല്ലേ?

പ്രകൃതിയിൽ വൈവിധ്യമുള്ളിടത്തോളംകാലം, മനുഷ്യരുടെ സ്ഥിതിഗതികളൊക്കെ തട്ടിനിരപ്പാക്കി ഒന്നാക്കാമെന്നു കരുതുന്നതു ഭോഷത്വമാവും. എന്നാൽ ഓരോരുത്തരുടെ വാസനയനുസരിച്ചു് വികസിക്കുവാനുള്ള അവസരങ്ങൾ ധാരാളം ഉണ്ടായിരിക്കേണ്ടതാണു്. ദുർവ്വാസനകൾ മുരടിപ്പിക്കാനേ ഉതകൂ. അതുകൊണ്ടു് അവയെ അമർത്തി സദ്വാസനകളെയാണു സംപുഷ്ടമാക്കേണ്ടതു്. ചില പ്രാഥമികാവശ്യങ്ങൾ ആർക്കും നിർവ്വഹിക്കുവാൻ സൗകര്യപ്പെട്ടാലേ, ഉപരിനിലയിലെത്താനുള്ള ആശയ്ക്കെങ്കിലും വഴിയുള്ളു. അതുകൊണ്ടു ഒരു തോതിലോളം ജീവിതവിഭവങ്ങൾ ലഭിക്കുവാനും അനുഭവിക്കുവാനുമുള്ള കഴിവു് എല്ലാവർക്കും തുല്യമായിരിക്കണം. അത്രത്തോളമുള്ള സ്ഥിതിസമത്വം അഭിലഷണീയം തന്നെ. അതിൽകവിഞ്ഞു് ആരും ഉയർന്നുകൂടെന്നുവെയ്ക്കുന്നതു അനർത്ഥകരമായേ തീരൂ എന്നാൽ അവനവന്റെ ഉൽകർഷം അന്യന്റെ അപകർഷത്തിന്നിടവെയ്ക്കരുതു്. അതുപോലെ ഉയരുവാൻ കൂട്ടാക്കാത്ത ചിലരുണ്ടെന്നു കരുതി ആരും അങ്ങനെയാവരുതെന്നു ശഠിക്കുന്നതിലും അർത്ഥമില്ല. ഭൗതികമൂല്യങ്ങൾക്കു വേണ്ടതിലധികം വില കല്പിക്കുന്നതാണു് അനർത്ഥകാരണം. കാമോപഭോഗംകൊണ്ടു കാമത്തെ ശമിപ്പിക്കാമെന്നു ആശിക്കുന്നതു വിറകു നല്ലപോലെ കൂട്ടി

തീ കെടുത്തുവാൻ ഉദ്യമിക്കുന്നതുപോലെതന്നെ. അതുകൊണ്ടാണ് ധർമ്മത്തിൽ അടിയുറച്ച അർത്ഥാർജ്ജനംകൊണ്ടു മോക്ഷലബ്ധിക്കുതകുന്ന വിഹിതകാമപൂർത്തിക്കു പരിശ്രമിക്കണമെന്നു സാരവേദികൾ ഉൽബോധിപ്പിച്ചിട്ടുള്ളതു്. ഇതൊക്കെ പഴഞ്ചൻ ശാസനകളെന്നു പുച്ഛിക്കുന്നവർ ഭൗതികസ്വർഗ്ഗസൃഷ്ടിക്കുദ്യമിച്ചു പരാജയമടഞ്ഞോട്ടെ. ആന്തരികമായ പുരോഗതിക്കുള്ള മാർഗ്ഗം ആർഷശാസനാനുസൃതമെന്നു അറിവുള്ളവർക്കറിയാം. അതാണ് നാം പിന്തുടരേണ്ടതു്.

## മനോനിയമം

(വി. കെ. നാരായണഭട്ടതിരി)

മനസ്സ് വളരെ ചഞ്ചലമാകയാൽ അതിനെ നിഗ്രഹിക്കുവാൻ വളരെ പ്രയാസമാണെന്നു് അർജ്ജുനൻ പറഞ്ഞപ്പോൾ ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ ഇങ്ങിനെ ഉത്തരം പറയുന്നു:—

"അഭ്യാസേന തു കൌന്തേയ
വൈരാഗ്യേണ ച ഗൃഹ്യതേ"

അല്ലയോ അർജ്ജുനാ, അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും മനസ്സിനെ സ്വാധീനിപ്പാൻ സാധിക്കും. ഇതാണു് മേൽക്കാണിച്ച ശ്ലോകത്തിന്റെ താല്പര്യം. ജഡഭരതനെപ്പോലെ ജന്മനാ വൈരാഗ്യമുണ്ടാവുക എന്നുള്ളതു് അപൂർവ്വമാണു്. അതുകൊണ്ടു് അഭ്യാസം തന്നെ മനോനിയമത്തിന്നു് വേണ്ടിവരും. ഈ അഭ്യാസമാർഗ്ഗങ്ങളെ പുരാണാദികളിലും യോഗശാസ്ത്രത്തിലും വേറെ പല ഗ്രന്ഥങ്ങളിലും വിവരിക്കുന്നതായി കാണാം. അവയിൽ ചിലതു് പറയാം. ഈശ്വരഭജനം, നാമം, ജപം, പ്രാർത്ഥന ഇത്യാദി സൽപ്രവൃത്തികളെ ശ്രദ്ധയോടുകൂടി ചെയ്യുന്നതു് മനസ്സിനെ പരിശുദ്ധമാക്കാനുള്ള മുഖ്യമാർഗ്ഗമായിക്കരുതാം. അസദ്വിഷയങ്ങളിൽ മനസ്സുപോകുമ്പോൾ അവയിലുള്ള ദോഷങ്ങളെ ചിന്തിച്ചു് അവയിൽനിന്നു മനസ്സിനെ മോചിപ്പിക്കേണം. ചുരുക്കത്തിൽ പറയുന്നതായാൽ ഗീതയിലെ 16-ാമദ്ധ്യായത്തിൽ ആദ്യത്തെ ശ്ലോകംമുതൽ 18-ാം ശ്ലോകം കഴിയുന്നതുവരെ ദൈവീസമ്പത്തിനെയും ആസുരീസമ്പത്തിനെയുംപറ്റി പറയുന്നതു കാണാം. ദൈവീസമ്പത്തിനെ സ

ബാധിക്കുവാനും ആസുരീസമ്പത്തിനെ ഇല്ലാതാക്കുവാനും കഴിയുന്നതും യതിക്കണം.

"വീതരാഗവിഷയം വാചിത്തം" — പതഞ്ജലിയുടെ യോഗശാസ്ത്രത്തിൽ സമാധിപാദത്തിലുള്ള 37-ാംസൂക്തമാണിതു്, വിജിതേന്ദ്രിയന്മാരായവരുടെ ചിത്തത്തെപ്പററി ചിന്തിച്ചു് ആ ചിത്തത്തിലുള്ള നന്മകളെ ഉണ്ടാക്കുവാൻ നോക്കുന്നതു് മനോനിയമനത്തിന്നുള്ള ഒരു കാരണമാണു്. ഇതു് ഒന്നുകൂടി സ്പഷ്ടമാക്കാം. വ്യാസൻ, ശുകബ്രഹ്മഷി മുതലായ ഋഷിമാരുടെ മനസ്സു് ഇന്ന വിധമാകും എന്നു ഭാവനചെയ്തു് അവരുടെ മനസ്സിനെപ്പററിത്തന്നെ ചിന്തിക്കുക—ആ ചിന്തകൊണ്ടു് ആ മഹാത്മാക്കളുടെ മാനസികഗുണങ്ങൾ ഒരു ചിന്തകൻെറ മനസ്സിലും അല്പാല്പമായി ഉണ്ടായിത്തുടങ്ങും. നമുക്കു ഇനി ചില ചരിത്രപുരുഷന്മാരെപ്പററിയും ചിന്തിക്കാം. യേശുകൃസ്തുവിനെ മരത്തിൽത്തറച്ചു കൊല്ലുവാൻ ശ്രമിക്കുമ്പോൾ ആ പുണ്യശ്ലോകൻ ഇങ്ങിനെ പ്രാത്ഥിക്കുന്നു. തന്നെ കൊല്ലുവാൻ ശ്രമിക്കുന്ന ഇവക്കു് അവർ എന്താണു ചെയ്യുന്നതെന്നു് അറിഞ്ഞുകൂടാ; അതുകൊണ്ടു് അവരെ രക്ഷിക്കേണമെ" എന്നു് ക്രിസ്തു പ്രാത്ഥിക്കുന്നു. ഈ പ്രാത്ഥനയിൽനിന്നു് ക്രിസ്തുവിൻെറ മനസ്സു് ഏററവും പരിശുദ്ധമാണെന്നു നമുക്കു് ഊഹിക്കാം. മുഹമ്മദുനബി ഒരു ഗുഹയിലിരുന്നു് ഊണും ഉറക്കവുമില്ലാതെ തനിക്കു് ഒരു മാർഗ്ഗം കാട്ടിത്തരേണമേ എന്നു പ്രാത്ഥിച്ചുകൊണ്ടു് ഈശ്വരനെ വിളിച്ചു് നിലവിളിച്ചു. അതിൻെറ ഫലമായി അദ്ദേഹത്തിന്നു് ചില ദിവ്യാനുഭൂതികളും അനേകലക്ഷം ജനങ്ങളെ നയിക്കുവാനുള്ള ശക്തിയും ലഭിച്ചു. ഉള്ളഴിഞ്ഞു് ഈശ്വരനെ പ്രാത്ഥിക്കുന്നവക്കു് സമാധാനത്തിലേക്കുള്ള മാർഗ്ഗം ഈശ്വരനിൽനിന്നുതന്നെ ലഭിക്കുമെന്നു ഓക്കേണം. അടുത്ത കാലത്തുണ്ടായ ഒരു പുണ്യശ്ലോകൻെറ ഈശ്വരഭക്തിയും അതുകൊണ്ടുണ്ടായ സിദ്ധിയും കണ്ടിട്ടുള്ളവർ ഇന്നും ജീവിക്കുന്നുണ്ടു്. ആ പുണ്യശ്ലോകൻ ശ്രീരാമകൃഷ്ണപരമഹംസസ്വാമികളല്ലാതെ മററാരുമല്ല. സ്വാമികളെപ്പററി രണ്ടു വാക്കുകൂടി പറയുന്നു. കനകവും കാമിനിയും ആണു് ലോകത്തിലെ വഴക്കുകൾക്കെല്ലാം കാരണമെന്നു് പറയാറുണ്ടല്ലോ. ഇവ രണ്ടുംകൊണ്ടുമുണ്ടാകുന്ന ദോഷത്തിൻെറ സ്പർശംപോലും ഇല്ലാത്ത ഒരു ദിവ്യപുരുഷനാണു് സ്വാമികൾ. സ്വാമികൾ വിവാഹിതനായിരുന്നു. പക്ഷെ തൻെറ പത്നിയെ യോഗിനിയാക്കിത്തീർത്തു. അതു നിർബ്ബന്ധംകൊണ്ടല്ല. അഗ്നിസാ

ക്ഷിയായി വിവാഹം കഴിച്ച പത്നിയുടെകൂടെ രാത്രി സമയങ്ങളിൽ ഒരകത്തു കഴിച്ചുകൂട്ടുക എന്ന നില സ്വാമികൾക്കു വളരെക്കാലം ഉണ്ടായിട്ടുണ്ടു്. എങ്കിലും ബ്രഹ്മചൎയ്യത്തിന്നു ഭംഗമുണ്ടായിട്ടില്ല. ഈ ദമ്പതിമാൎക്കുള്ള ബ്രഹ്മനിഷ്ഠയിലുള്ള മനശ്ശുദ്ധി വാചാമഗോചരമെന്നേ പറയേണ്ടതുള്ളു. സ്വാമികൾക്കു ഒരു പഠിപ്പും ഇല്ല. ഒരു ക്ഷേത്രത്തിലെ ശാന്തിക്കാരനായിരുന്നു അദ്ദേഹം. താൻ ശാന്തിചെയ്തിരുന്ന ദൈവത്തെ സൎവ്വപ്രകാരേണയും സേവിക്കുകയും തനിക്കു് അവിടുന്നു പ്രത്യക്ഷമായിത്തീരേണമേയെന്നു മനസ്സുതട്ടി പ്രാൎത്ഥിക്കുകയും ആണു് സ്വാമികളുടെ എല്ലായ്പോഴുമുള്ള ജോലി. മുഹമ്മദുനബിയെപ്പോലെത്തന്നെ പ്രാൎത്ഥനകൊണ്ടു സിദ്ധനായിത്തീൎന്ന ഒരു ഋഷിവൎയ്യനാണു് പരമഹംസ സ്വാമികളെന്നു നിസ്സംശയം പറയാം. അതുകൊണ്ടു മനസ്സിനെ ജയിക്കുവാനുള്ള ഉത്തമമാൎഗ്ഗം ശ്രദ്ധാഭക്തി പുരസ്സരമുള്ള ഈശ്വരഭജനംതന്നെയാണു്.

പുതുമഴകഴിഞ്ഞു പാററകൾ പുറപ്പെടുന്നതുപോലെ നിരീശ്വരഭാവം പൊങ്ങിക്കൊണ്ടിരിക്കുന്ന കാലമാണിതു്. ഭാരതഭൂമി ഒരു കാലത്തു ലോകത്തിലെ ഒരു പ്രധാന ഭൂഭാഗമായി വൎത്തിച്ചിട്ടുണ്ടു്. അതു അങ്ങിനെ സാധിച്ചതു ഇവിടെയുള്ളവരുടെ ധൎമ്മനിഷ്ഠകൊണ്ടാണു്. ഇപ്പോൾ ഉള്ളതുപോലെ ഈ നിരീശ്വരവാദം വൎദ്ധിച്ചുവരികയാണു് എങ്കിൽ ഭാരതീയരുടെ ഭവിഷ്യത്തു എന്താകുമെന്നു പറയുവാൻ സാദ്ധ്യമല്ല. ഇന്നത്തെ വിദ്യാഭ്യാസരീതിയാണു ഭാരതത്തെ ഏവംവിധമാക്കിത്തീൎത്തതു്.

ഈ നില മാറുവാൻ ഈശ്വരാനുഗ്രഹമോ അല്ലെങ്കിൽ ജിതേന്ദ്രിയന്മാരായ ആചാൎയ്യന്മാരുടെ പരിശ്രമങ്ങൾകൊണ്ടോ സാദ്ധ്യമായി എന്നു വരാം. ജയാപജയങ്ങളിൽ ഹർഷശോകങ്ങൾക്കു അടിമപ്പെടാതെ ഇരിക്കുവാനും അത്യാഗ്രഹംകൊണ്ടുണ്ടാകുന്ന ദുൎമ്മാൎഗ്ഗഗതികളെ തടയുവാനും സന്മാൎഗ്ഗത്തിലൂടെയുള്ള ഗമനത്തെ സഹജമാക്കുവാനും മനോനിയമവും അത്യാവശ്യമാണു്. ഇഹത്തിലും പരത്തിലുമുള്ള സൌഖ്യത്തിന്നു മനോനിയമനം അത്യാവശ്യമാണെന്നു ഗുരുക്കന്മാർ ഉപദേശിക്കുന്നു.

— ശുഭം ഭൂയാത് —

—o—

വിദ്യാർത്ഥി പംക്തി

# ഗ്രാമോദ്ധാരണം

(എം. കെ രാധ V F. V. G. H. S. Chittur)

അവികലശാന്തി തൻ പൊൻതിരക-
ളവിടെത്തുളുമ്പിത്തുളുമ്പി നിന്നു;
അഴകുമാരോഗ്യവും സ്വാസ്ഥ്യതയു-
മവിടത്തിൽ മൊട്ടിട്ടുനിന്നിരുന്നു
അവിടമൊരൈശ്വര്യദേവത ത-
ന്നനഘ ദേവാലയമായിരുന്നു.

എന്നുള്ള വരികൾ കേവലം കവി തൂലികയുടെ മഞ്ജുളവിളയാട്ടം; ഇനിയും സാദ്ധ്യമാകാത്ത സ്വപ്നകിനാവുകൾ.

ഇന്നത്തെ ഗ്രാമങ്ങളുടെ സ്ഥിതി സുതരാം ശോചനീയമാണ്. ഏഴുപത്തയ്യായിരത്തിൽപരം നിബിഡഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെറുവൻകരയാണ് ഇന്ത്യ. അവിടത്തെ നഗരങ്ങൾക്കും ഗ്രാമങ്ങൾക്കുമുള്ള അന്തരമിവിടെ ഏതുപ്രേക്ഷകനേയും ഞെട്ടിപ്പിക്കുന്ന ഒന്നാണ്, വിസ്മയസ്തബ്ധമാക്കുന്ന ഒന്നാണ്. അംബരചുംബികളായ പ്രോത്തുംഗസൌധങ്ങൾ കനകഗിരിയായ മേരുശിഖരങ്ങളെന്നോണം, സന്ധ്യാരുണലക്ഷ്മിയിൽ ചിത്രീകൃതവർണ്ണമാക്കപ്പെടുന്ന വാരിമുക്തശകലങ്ങളാകുന്ന വിജയവൈജയന്തികളെ പാറ്റിച്ചുംകൊണ്ട്, സമന്ദഹാസം ഒരിടത്ത് പരിലസിക്കവേ, ഹിമവൽപുരിയായ ഓഷധിപ്രസ്ഥത്തെപ്പോലും അതിശയിക്കുന്ന അളിനവാളകകൾ അനുദിനം ഏകത്ര അഭ്യുത്ഥാനം ചെയ്തുകൊണ്ടിരിക്കവേ, അപരത്രനാം ദർശിക്കുന്നതാകട്ടെ പട്ടമേഞ്ഞ പുരയിടശ്രേണികളാൽ അലങ്കരിക്കപ്പെട്ട, വിശപ്പുകൊണ്ടും ദാഹംകൊണ്ടും അനവരതം അർദ്ദിതരായി അംബുനിർഗ്ഗളിതമായ ശരൽപയോധരങ്ങളോട് ചാതകഗണമെന്നോണം വനരോദനം മുഴക്കുന്ന ജനാവലിയാൽ ആവസിതമായ, അന്ധതമസ്സിന്റെ കേളിഡോലയെന്നോണം വർത്തിക്കുന്ന ഗ്രാമനിവഹത്തെയാണ്.

"ന ജാനേ സംസാരോ കിമമൃതമയോ കിം വാ വിഷമയ"

എന്ന കവിനിഗമനം എത്ര അർത്ഥവത്താണ്.

ഗ്രാമോദ്ധാരണത്തിന്റെ ആവശ്യകതയാകട്ടെ നാം പ്രത്യേകം

പറഞ്ഞറിയിക്കേണ്ട ഒന്നല്ല. കുടിലുകളാണ് കൊട്ടാരങ്ങളുടെ ആലംബങ്ങൾ എന്നു് നാം കഥിക്കുമ്പോൾ പ്രഥമദൃഷ്ട്യാ അതു പരിഹാസ്യമായി തോന്നാമെങ്കിലും വാസ്തവത്തിൽ അർത്ഥഗർഭമായ ഉക്തിയാണ് അതു്. മണിമേടകളിൽ ശയിക്കുന്ന മോടിക്കാർ ഭൂരിപക്ഷം കൃഷകരായ ഗ്രാമാവലിയെ വിസ്മരിക്കുകയാണെങ്കിൽ അന്നപ്രദാനം ചെയ്യുന്ന കരത്തെ വക്ത്രം വിസ്മരിക്കുന്നതുപോലെയാണ്.

പ്രായപൂർത്തി പ്രാതിനിധ്യം സിദ്ധിച്ചുകഴിഞ്ഞ ഭാരതം ഈ വോട്ടവകാശത്തെ ഫലപ്രദമാക്കാൻ ആശിക്കുന്നുണ്ടെങ്കിൽ, ഓരോ വോട്ടും കാര്യാകാര്യവിവേചനതയോടുകൂടി നിക്ഷേപിക്കപ്പെടണം എന്നു് ആശിക്കുന്നുണ്ടെങ്കിൽ, ഇദംപ്രഥമമായി കൈക്കൊള്ളേണ്ട കർത്തവ്യം ഗ്രാമജനങ്ങളെ അഭ്യസ്തവിദ്യരാക്കുക എന്നുള്ളതാണ്.

മാത്രമല്ല എത്രയെത്ര കാളിദാസന്മാരാണ്, എത്രയെത്ര വാല്മീകികോകിലങ്ങളാണു തങ്ങളുടെ പ്രതിഭാലോകസമക്ഷം വ്യാപരിപ്പിക്കുവാൻ സാഹചര്യം ലഭിക്കാതെ തൂഷ്ണീംലോകരംഗത്തിൽനിന്നും തിരോധാനം ചെയ്യുന്നതു്. ചുരുക്കിപ്പറയുകയാണെങ്കിൽ

സാരാനർഘപ്രകാശപ്രചുരിമപുരളും ദിവ്യരത്നങ്ങളേറെ
പ്പാരാവാരത്തിനുള്ളിൽ പരമിരുൾ നിറയും കന്ദരത്തിൽ
കിടപ്പൂ
ഘോരാരണ്യച്ചുഴൽകാററടികളിലിളകും തൂമണം വ്യർത്ഥമാകു
ന്നോരപ്പൂവെത്രയുണ്ടാ, മവകളിലൊരുനാളൊന്നു
കീർത്തിപ്പെടുന്നു.

“അവകളിലൊരുനാളൊന്നു കീർത്തിപ്പെടുന്നു” എന്നു് പണിക്കർ പറയുമ്പോൾ ഉവ്വോ? എന്നാണു ആദ്യമായി ഉദിക്കുന്ന ചോദ്യം. ഒരു നാളുനിന്നും കീർത്തിപ്പെടുന്നില്ല എന്നു് പറയുന്നതു് ഒട്ടും അതിശയോക്തിയല്ല.

ഹാ, മൺകുടത്തിലെരിയുന്ന മണിപ്രദീപം
ഭീമശ്മശാനഭുവിനട്ട രസാലപോതം
ധൂമത്തിൽവെച്ച മലർകുപ്പയിലിട്ട സാള-
ഗ്രാമം: ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം,
പങ്കത്തിലാണ്ട ചെറുദന്തി, മുഷാപവാദ-
ത്തിങ്കൽ പതിച്ച സുയശസ്സിവയെന്നപോലെ

യാണ് ഈ ജാനപദ കവികളുടെയും കഥ.

ഏവംവിധം കാർഷിക സാമ്പത്തിക, സാമൂഹ്യ വിദ്യാദി നാനാപ്രശ്നങ്ങളിലൂടെ ഗ്രാമോദ്ധാരണം നിർവ്വഹിക്കേണ്ടതു് ആദ്യ

ന്താപേക്ഷിതമാണു്. നമ്മുടെ നാട്ടിലെ ഗ്രാമീണരിൽ ഭൂരിപക്ഷവും കൃഷിക്കാരാകുന്നു; എന്നാൽ കാർഷികമായ അഭിവൃദ്ധി വളരെ നാളായി നിലച്ചിരിക്കുകയാണു്. പാലും തേനും ഒഴുക്കിയ ഭാരതഭൂമി മരുഭൂമിയായി തീർന്നതു് വിദേശിയാക്രമണംനിമിത്തമാണു്. ഇന്നു് ഒരു ഗ്രാമീണകർഷകനു് പ്രതിദിനം ശരാശരി കിട്ടുന്ന ആദായം മുക്കാൽ അണ മാത്രമാണു്. കാർഷികോന്നമനം സുപ്രധാനമായ ഒന്നാണു്.

ഗ്രാമശുചീകരണമാണു് പിന്നത്തെ ലക്ഷ്യം. ദുർഗ്ഗന്ധ മലീമസങ്ങളായ പരിതസ്ഥിതികളിൽ വർത്തിക്കുന്ന ഗ്രാമങ്ങളാണു സാംക്രമികരോഗങ്ങളുടെ കേളിമഞ്ചം. വിവിധരോഗങ്ങളും വ്യാധികളും കബന്ധനൃത്തം ചവിട്ടുന്ന ഈ ഗ്രാമങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കു് വിദഗ്ദ്ധവൈദ്യസഹായം കൈവരുത്തേണ്ടതു് അത്യാവശ്യമാണു്.

നിരക്ഷരകുക്ഷികളായ ഗ്രാമജനാവലിയെ അഭ്യസ്തവിദ്യരാക്കേണ്ട പ്രാധാന്യം നാം മുമ്പിൽ ഉദ്ധരിച്ചുകഴിഞ്ഞു. നിശാവിദ്യാലയങ്ങളും, പ്രായപൂർത്തി വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുള്ള സംഘടനകളും അജ്ഞാനകാളരാത്രിയെ ഭാസുര ഉഷസ്സാക്കുമെന്നും നമുക്കു മോഹിക്കാം.

ഗ്രാമീണരെ ഋണബാദ്ധ്യതയിൽനിന്നും വിമുക്തരാക്കുവാനും, സാമ്പത്തികസ്വാതന്ത്ര്യം കൈവരുത്തി ജാനപദ "ഷൈലാക്കു"മാരുടെ കരാളദംഷ്ട്രങ്ങളിൽനിന്നും ആ സാധുജനവൃത്തത്തിനു് കൈവല്യം സംസിദ്ധമാക്കുവാനും ഉപകരിക്കുന്ന പരസ്പരസഹായസംഘങ്ങളുടെ പ്രാധാന്യം വാചാമഗോചരമാണു്.

പഞ്ചവത്സരപദ്ധതി വീക്ഷിക്കുന്ന സാമൂഹ്യപുരോഗമനപദ്ധതി (Community Project) ഈ ലക്ഷ്യങ്ങൾക്കുവേണ്ടിയാണു പ്രവർത്തിക്കുന്നതു്.

വിശ്വംഭരയുടെ വൃന്ദാവനമായി, സംസ്കാരത്തിന്റേയും സമൃദ്ധിയുടേയും മണിമഞ്ചമായി; നൈകരാഷ്ട്രമാലയിലെ കാഞ്ചനകാന്തിപൊഴിക്കുന്ന വൈഡൂര്യപ്പതക്കമായി, ആ സേതുഹിമവൽപര്യന്തം വ്യാപ്തമായ ആദിമഭാരതത്തിന്റെ കനകാലംബമായി വർത്തിച്ചിരുന്നതു ബഹുസഹസ്രം ഗ്രാമങ്ങളത്രെ. മാത്രമല്ല.

നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നു, വിധി രത്നമെല്ലാം.

—— ‖ ——

## പിണ്ട്യത്ത് അച്ചുതമേനോൻ

# യശഃശരീരനായൊരു ഭൂതകവി

(കെ. കെ ജി പണിക്കർ; രാമനാട്ടുകര)

"പിണ്ട്യത്തച്ചുതനും, പരംചതുരനാ-
മച്ചാത്തു മന്നാടിയും
കൊണ്ടാടുന്നൊരു കൃഷ്ണനും, ബത കുറു
പ്പത്തുള്ള ഗോവിന്ദനും,
കണ്ടൂരെന്നൊരു വീട്ടിലുള്ള കവിയാം
നാരായണൻ താനുമേ
നണ്ണുഞ്ഞൊല്ലുകളഞ്ഞു കേകയ നൃപ-
ന്മാരാകിൽ നേരാകുമേ."

എന്നു മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ "കവിഭാരത"ത്തിലെ പ്രസ്തുത ശ്ലോകം സാഹിതീഭക്തന്മാരെ അൽപനേരമെങ്കിലും ചിന്തിപ്പിക്കാതിരിക്കുകയില്ല. വൃത്തസൌകര്യത്തിനും പ്രാസസൌകര്യത്തിനും വേണ്ടിമാത്രം കേകയരാജാക്കന്മാരിൽ പ്രഥമസ്ഥാനം തമ്പുരാൻ ശ്രീ. അച്ചുതമേനോനവർകൾക്കു കൽപിച്ചരുളുമോ? എന്നു തന്നേയുമല്ല ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാരേയും മഹാകവി കണ്ടൂർ നാരായണമേനോനേയും താഴെയാക്കി—ലക്ഷത്തി അമ്പതിനായിരം ഗ്രന്ഥങ്ങടങ്ങിയ ഭാരതം—പഞ്ചമവേദം—വൃത്താനുവൃത്തമായി "തനിച്ചുമുവ്വാണ്ടിടകൊണ്ടു" പരിഭാഷപ്പെടുത്തിയ—നമ്മുടെ കേരളവ്യാസൻ ശ്രീ. അച്ചുതമേനോനവർകൾക്കു പ്രഥമസ്ഥാനം കൽപിച്ചരുളിയതു എന്തെന്നു ചിന്തിച്ചു നോക്കേണ്ടിയിരിക്കുന്നു.

കൊല്ലവർഷം 1084ൽ ഗുരുവായൂരിൽ പിണ്ടിയത്തു തറവാട്ടിലെ ഒരംഗമായിട്ടായിരുന്നു ശ്രീ. അച്ചുതമേനോന്റെ ജനനം. 1075ൽ തന്റെ നാൽപത്തിഒന്നാംവയസ്സിൽ കാലഗതിയിൽപെട്ടുപോയ ഒരു വിസ്മൃതകവിയായിട്ടാണ് ഇന്നു അദ്ദേഹത്തെ വിചാരിക്കുന്നതും. വിദ്യാഭ്യാസാനന്തരം അഭിഭാഷകജോലിയിലേർപ്പെട്ടുകൊണ്ടും വിശ്രമവേളകളെ സാഹിത്യസേവനത്തിനായ് വിനിയോഗിച്ചുകൊണ്ടു ദീർഘനിദ്രയിൽ ലയിച്ച നമ്മുടെ ഭൂതകവി ശ്രീ. അച്ചുതമേനോൻ അവർകൾ രചിച്ച കവിതകൾ മിക്കതും ഇന്നു വിസ്മൃതകോടിയിൽ മറഞ്ഞിരിക്കയാണ്. പല മലയാളമഹ

സികകളിലും അതങ്ങിങ്ങായി വിശ്രമം കൊണ്ടിരിക്കുന്നു.

നൊടിയിടയിൽ ഒററശ്ലോകങ്ങൾ നിർമ്മിക്കുവാനും, സംസ്കൃതശ്ലോകങ്ങളെ ഭാഷയിലേക്കു തർജ്ജമ ചെയ്യുവാനും അദ്ദേഹത്തിൻെറ പാടവം ഒന്നു വേറെത്തന്നെ ആയിരുന്നുവെന്നാണ് പറയുന്നതു്. ആട്ടക്കഥാനിർമ്മാണത്തിലും ഇദ്ദേഹത്തിനു പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു എന്നാണ് കേൾക്കുന്നതു്.

കാളിദാസ മഹാകവിയുടെ ശാകുന്തളത്തിലെ പ്രസിദ്ധ ശ്ലോകം അച്ചുതമേനോൻ നിഷ്പ്രയാസം അതിൻെറ രസം ചോർന്നുപോകാതെ തർജ്ജമ ചെയ്തു ചൊല്ലികേൾക്കയുണ്ടായി.

"വെള്ളത്തുള്ളികളാൽ തണുത്ത മൃദുവാം
കാററാൽ ശരീരാർത്തിയെ-
ത്തള്ളും പങ്കജപത്രമാം വിശറികൊ-
ണ്ടൻപാൻറ വീശട്ടയോ?
പുള്ളിപ്പേട മൃഗാക്ഷി! നിന്നരുണമാ-
മംഭോരുഹാംഘ്രി ദ്വയം
ഉള്ളിൽ സ്നേഹമിയന്നു ഞാൻമടിയിൽ വെ-
ച്ചിഷ്ടാൽ തലോടട്ടയോ?"

സഹൃദയന്മാരായ വായനക്കാർ നാളിതുവരെ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രസിദ്ധ പ്രസ്തുത ഭാഷാശാകുന്തള ശ്ലോകങ്ങളും ഇതും ഒരാവർത്തി വായിച്ചുനോക്കി ഓരോന്നിലുമുള്ള പ്രത്യേകതകൾ മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. മേനോൻ അവർകൾ കുമാരസംഭവത്തിൽ പാർവ്വതി തപസ്സുചെയ്യുമ്പോൾ മഴക്കാലത്തെ വർണ്ണിക്കുന്ന ശ്ലോകം ഇങ്ങിനെയാണ് ഭാഷാന്തരപ്പെടുത്തിയതു്.

"നവജലകണമോരോന്നക്ഷിരോമേക്ഷണം നി-
ന്നവളുടെചൊടി താഡിച്ചാക്കുചാ കുന്നിൽവീണു,
തവിടുപൊടിയതായി ബുദ്ധിമുട്ടിക്കടന്നാ-
ത്രിവലി, വളരെനേരംകൊണ്ടുതന്നാഭിപൂകി"

ഇങ്ങിനെ നിരവധി സംസ്കൃതശ്ലോകങ്ങളുടെ പരിഭാഷകൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ഒററശ്ലോകങ്ങൾ എവിടേയോ മാഞ്ഞുമറഞ്ഞു. സാഹിത്യാഭിമാനികളും പ്രസിദ്ധീകരണശാലക്കാരും നിസ്വാർത്ഥമായ സേവനം ചെയ്താൽ കുറെയെല്ലാം കണ്ടുകിട്ടാതിരിക്കയില്ല.

“അഞ്ചുകേകയനൃപന്മാരി”ൽ പ്രഥമസ്ഥാനമർഹിക്കുന്ന ഈ വിസ്മൃതകവിയുടെ ചരമവാർഷികദിനമായ മിഥുനമാസത്തിലെ കാർത്തികനാൾ ആഘോഷിക്കുമ്പോൾ അപ്രകാശിതങ്ങളായി കിടക്കുന്ന അദ്ദേഹത്തിന്റെ കവനതല്ലജങ്ങളെ ലഭിക്കുവാനും നാം പരിശ്രമിക്കുക.

---

# പതിതരസാലം

(പി. രാഘവൻ, കരിപ്പോട്)

ഒരുതരുവിതനോക്കൂവെട്ടി വീഴ്ത്തിക്കിടപ്പൂ
കരുമനയിതു ചെയ്തോനാരുമാറാ; മർത്ത്യനാവാം.
ദുരിതമിതൊരു തെല്ലും ചെയ്തതില്ലെങ്കിലും ഹാ,
ഗുരുതരനരശക്തിയ്ക്കൊത്തു കീഴ്പ്പെട്ടുപോയി. 1

വെറുമൊരു തരുപാർത്താലിന്ധനത്തിന്നുകൊള്ളാം;
ഒരുഗുണവുമതല്ലാതില്ലയെന്നോതുവാനായ്,
കരുതുവതിനു മുമ്പീഭൂരുഹത്തെക്കുറിച്ചാ-
വിരുതരറിയുമെങ്കിൽ തൃപ്തനായ്ത്തീർന്നിതീ ഞാൻ. 2

തരണിയുടെതപത്താൽ താപമാർന്നുകൊണ്ടീ-
ത്തരുവരനികടത്തിൽ വന്നിടും ജീവികൾക്ക്.
ജലധരജലലാഭാൽ ചാതകിയ്ക്കുള്ളമോദം
ഫലതന്നലുകളാലീമാവുമങ്ങേകിടുന്നു. 3

പലപല പതഗങ്ങൾ പാമ്പുമെന്നീവകക്കാർ
കുലമൊടെയിതിനുള്ളിൽ പാർപ്പുസംതൃപ്തിയോടെ
കുലഗുണഗണമെന്നീച്ചിന്തയുണ്ടാകയില്ല
വലിയജനമഹത്തേയെന്നതോതുന്നതില്ലേ? 4

തടിയിതുവിറകിന്നും വീട്ടുസാമഗ്രികൾക്കും
വടിവൊടുനരരല്ലാതാരെടുക്കുന്നു പാരിൽ
അടിമുടിയഖിലം നല്കുന്നിതന്യന്നുവേണ്ടി-
വിടപിവര,നതല്ലേ സത്ത്വഹൃത്തിൽ നിനപ്പൂ. 5

പരഭൃതതതിമാവിൻകൂമ്പു തിന്നാണുപോലും
പരമൃദുകളകണ്ഠം തീർപ്പതെന്നോതിടുന്നു.

വരകവിജനമാകെയായതിൽനിന്നു ചേതോ–
ഹരഗുണമറിയുന്നു, നമ്മളംതേന്മാവു തന്റെ. 6

തനതുജഠരവഹ്നിക്കിന്ധനം നൽകുവാനായ്
മനുജർധരണിതന്നിൽ ചെയ്‌വു പാപങ്ങളേറ്റം!
മനമതിലറിയുന്നില്ലായവൻ തെല്ലുപോലും
ജനനമരണശോകം മോഹസംബന്ധമൂലം. 7

ഒരുതരുനിപതിച്ചാനെന്നതിൽ ചിന്തചെയ്വാൻ,
മരണമതണയാതെ വാഴ്വതാരീജഗത്തിൽ,
വെറുമിലകൾകണക്കെയൊന്നിനൊന്നങ്ങുപിമ്പായ്
ഇരവുപകലുഭേദം തെല്ലുമില്ലാതെ വീഴും. 8

വലിയൊരുവിപിനത്തിൻമദ്ധ്യഗർനമ്മൾപോയാ–
മറുകരയിലണഞ്ഞാലെങ്കിലെ മർത്ത്യരാവൂ.
ഇതുഹൃദയതലത്തിൽ തെല്ലുമോരാതെയല്ല,
മതിയതിലതിമോഹംവെച്ചു പാലിച്ചിടുന്നു 9

തനയർസഹജർജായാതൊട്ടുകൂട്ടാളരെല്ലാം
മുടലവരയുമല്ലോ പിന്നെയൊന്നോർത്തുനോക്കൂ
നിമിഷസുഖദമല്ലോ ജീവിതംപാരിലെന്നാ–
നിമിഷമറിയുമാരും കാര്യമെല്ലാംകഴിഞ്ഞാൽ. 10

പരമപുരുഷനീശൻ പാരിടത്തിന്നുമീതെ
പരിചിനൊടുകരങ്ങൾ പാവിസംരക്ഷചെയ്യൂ
പരഗുണഹനനത്തിൽപങ്കുകൊള്ളുന്നു മർത്ത്യ–
പ്പുരിഷമൃഗസമന്മാരില്ലകില്ലേതുമോർത്താൽ. 11

ധരയിതിലമരുന്നോരൊക്കവെസോദരന്മാ–
രിതുവിധമകതാരിൽ തേറിവർത്തിച്ചുവെന്നാൽ
സുരഗുണഗണമെല്ലാം ചേർന്നനാകം നമുക്കീ–
ധര,യതിനെമറന്നാൽ നാരകംതന്നെയാവും 12

കമലജനരുൾമാടാൽ നൽകിടും ഭൂതിതന്നിൽ
മമതപെരുകിടാതെയീശനെച്ചിത്തതാരാൽ
വിമലഹൃദയനായിട്ടർച്ചനംചെയ്യുവോനാൽ
മമനസുതഭയംപോയ്മോദമുൾത്തടവിയ്ക്കും. 13

———:———

# "നാട്ടുകൂട്ടങ്ങൾ" *

(പുത്തേഴത്തു രാമമേനോൻ)

## I

കേരളത്തിൽ, പണ്ടൊരു കാലത്തുണ്ടായിരുന്ന രാജ്യഭരണസമ്പ്രദായത്തിൽ, ഏററവും പ്രധാനപ്പെട്ട ഒരു ഘട്ടകമായി, ഇന്നത്തെ പ്രജായത്തഭരണത്തിലെ ജനപ്രതിനിധിസഭയായ "പാർലിമെണ്ടി"നോടു കിടപിടിക്കുമാറു, വിജയിച്ചിരുന്നതായ നാട്ടുകാരുടെ സഭായോഗങ്ങൾക്കു, പരക്കെ പറയപ്പെട്ടിരുന്ന പേരാകുന്നു "നാട്ടുകൂട്ടങ്ങൾ". "കൂട്ടംകൂടുക" എന്നൊരു ഭാഷാശൈലിയും അതിൽനിന്നു ഉത്ഭവിച്ചിട്ടുണ്ടു്. ക്രിസ്ത്വവർഷാരംഭത്തിന്നു രണ്ടു ശതാബ്ദങ്ങൾക്കു മുമ്പു, രണ്ടുമൂന്നു നൂററാണ്ടുകാലം കേരളത്തിൽ "നാട്ടുകൂട്ടങ്ങ"ളിൽ കൂടിയുള്ള ഭരണം പ്രശസ്തമാംവണ്ണം പ്രവൃത്തിച്ചിരുന്നു.

ചരിത്രാരംഭകാലത്തിന്നു മുമ്പു മുതല്ക്കുതന്നെ; അന്നത്തെ പ്രസിദ്ധിയും പ്രബുദ്ധതയുമാർന്ന രാജ്യങ്ങളും രാഷ്ട്രങ്ങളുമെല്ലാം കേരളവുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടു സവിശേഷമായ സമ്പർക്കം പുലർത്തിപ്പോന്നിരുന്നു. അതിന്റെയെല്ലാം ഫലമായി അന്നത്തെ കേരളം വിശേഷിച്ചും സാധാരണയിൽ കവിഞ്ഞതായ ഒരു സമുന്നതി സമ്പാദിച്ചിരുന്നു. കേരളത്തിൽ അക്കാലത്തു നിലനിന്നിരുന്നതു്, ഇന്നത്തെ രാജ്യഭരണതന്ത്രജ്ഞന്മാരെപ്പോലും, വിസ്മയംകൊള്ളിപ്പിക്കുന്ന പ്രസ്പഷ്ടമായ ഒരു പ്രജായത്തഭരണരീതിയായിരുന്നു. ആ ഭരണരീതിയിൽ പ്രജാഹിതം അറിയുവാനും അറിയിക്കുവാനും കാലാകാലങ്ങളിൽ സമ്മേളിച്ചു പ്രവൃത്തിച്ചിരുന്ന പൊതുജനമഹായോഗങ്ങളാകുന്നു പ്രസംഗവിഷയമായ "നാട്ടുകൂട്ടങ്ങൾ". അവയെ കുറിച്ചു വളരെ ചുരുക്കി ഒരു സൂചനാപ്രസംഗം ചെയ്യാൻ മാത്രമേ സമയം അനുവദിക്കുന്നുള്ളു.

കേരളത്തിന്റെ പുരാതനകാലചരിത്രത്തെ മൂന്നു പ്രത്യേകഘട്ടങ്ങളായി വിഭജിക്കാവുന്നതാണ്. അതിൽ, ആദ്യഘട്ടം എന്നു് ആരംഭിച്ചു എന്നോ, എന്നു് അവസാനിച്ചു എന്നോ സംശയാതീതമായ വിധത്തിൽ ഇന്നും തീരുമാനപ്പെട്ടിട്ടില്ല. എങ്കിലും ഒന്നാംഘട്ടം അവസാനിച്ചതു ക്രിസ്തുവിന്നു നാന്നൂറുവർഷങ്ങൾക്കുമുമ്പെങ്ങാണ്ടോ ആയിരിക്കുമെന്നാണു് പണ്ഡിതാഭിപ്രായം. മഹാബലിവംശ

* കോഴിക്കോട്ടു് എ. ഐ. ആറിന്റെ അനുവാദപ്രകാരം

ക്കാരെന്നു വിശ്വസിക്കപ്പെടുന്ന ആദിച്ചേര രാജവംശക്കാരുടെ ഭരണകാലമായിരുന്നു ആ പ്രഥമഘട്ടം. അന്നു കേരളം ചേരസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. ആ വംശവും അവരുടെ സാമ്രാജ്യവും നശിച്ചതോടുകൂടി ഒററപ്പെടുകയും സ്വതന്ത്രമായിത്തീരുകയും ചെയ്ത കേരളം സ്വയം രൂപീകരിച്ചതായ ഭരണരീതി നിലനിന്നിരുന്ന കാലമാകുന്നു ദ്വിതീയഘട്ടം. അതിനെ "സമുദായഭരണകാല"മെന്നാണ് ചരിത്രകാരന്മാർ പറഞ്ഞുവരുന്നതു്. സമുദായഭരണകാലം അവസാനിച്ച്, "പെരുമാൾവാഴ്ച" തുടങ്ങിയതാണു് കേരളചരിത്രത്തിലെ തൃതീയഘട്ടം.

സമുദായഭരണകാലം ക്രിസ്തുവിന്നു മൂന്നു നൂററാണ്ടിന്നു മുമ്പു് ആരംഭിച്ചു എന്നും പെരുമാൾ അവരോധം ആദ്യമായുണ്ടായതായി വിശ്വസിക്കപ്പെടുന്ന ക്രി. മു. 118 വരെ നിലനിന്നു എന്നും സാമാന്യമായി പറയാവുന്നതാണു്. അക്കാലത്തെ ഭരണയന്ത്രത്തിലെ അതിപ്രധാനമായ ഘടകമായിരുന്നു "നാട്ടുകൂട്ടം". ചക്രവർത്തിയോ, രാജാവോ, പ്രസിഡണ്ടോ ഒന്നുമില്ലാതെ നാടുകളെ നാട്ടുകാർ തന്നെ ഭരിച്ചിരുന്ന അന്നത്തെ കേരളചരിത്രം, കാലസ്ഥിതിക്കു പ്രത്യേകിച്ചും വിമോഹനവും വിസ്മയാവഹവുമായിരുന്നു. അന്നത്തെ കേരളം സമുന്നതവും സമാരാധ്യവും സമാധാനസംതൃപ്തി സമ്പൂർണ്ണവുമായിരുന്നു. അന്നത്തെ കേരളത്തെക്കുറിച്ചു എന്തെങ്കിലും രേഖപ്പെടുത്തുന്നതിന്നു സന്ദർഭസൌകര്യാദികൾ സിദ്ധിച്ചിട്ടുള്ളവരെല്ലാം ഭാരതീയരും അന്യദേശീയരും പ്രശംസാപരങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നുണ്ടു്. അന്നത്തെ സമുദായഭരണസമ്പ്രദായത്തിലെ അവശിഷ്ടങ്ങളെന്നു സംവദിക്കപ്പെട്ടിട്ടുള്ളവ പലതും—ആചാരങ്ങളും സ്ഥാനങ്ങളും സ്ഥാപനങ്ങളും—കേരളത്തിൽ അവിടവിടെ ഇന്നും കാണപ്പെടുന്നുണ്ടു്.

സമുദായഭരണരീതി സംജാതമായ കാലത്തെ കേരളത്തിലെ ജനങ്ങളുടെ സ്ഥിതിയെക്കുറിച്ചു ചിലതെങ്കിലും പറയുന്നതു് ആ രീതിയുടെ പ്രവർത്തനസമ്പ്രദായം ശരിയായി മനസ്സിലാക്കുന്നതിന്നു് അത്യാവശ്യമാണെങ്കിലും സമയക്കുറവു അതിന്നുള്ള സ്വാതന്ത്ര്യം തരുന്നില്ല. അന്നത്തെ കേരളത്തിൽ ആര്യന്മാരായ ബ്രാഹ്മണർ ഉണ്ടായിരുന്നു എങ്കിലും മതാചാര്യത്വവും അതു വഴിക്കുള്ള ധനവും പ്രാധാന്യവും അവർ കയ്യടക്കുകയും ചെയ്തിരുന്നു എങ്കിലും അവർ വളരെ ചെറിയ ഒരു ന്യൂനപക്ഷക്കാരായിരുന്നു. ഭൂരിഭാഗക്കാർ നാഗവംശക്കാരായ തനി കേരളീയരായിരുന്നു. അവരിൽ പ്രമുഖന്മാരും നാ

ടുവാഴികളും മററുവിധത്തിൽ പ്രമാണപ്പെട്ടവരും ഉണ്ടായിരുന്നു. അവരൊക്കെ ആയുധാഭ്യാസമുണ്ടായിരുന്ന "പയററുകാരും" "കളരിക്കാരും" ആയിരുന്നു. കേരളത്തിൻെറ സ്വാതന്ത്ര്യലബ്ധിയിൽ ആദിഘോരവംശത്തിൻെറ നാശത്തിൽ ഭൂരിപക്ഷക്കാരായ "നാഗവർഗ്ഗ"ക്കാർ തന്നെയാണു്, സ്വാഭാവികമായി പുതിയ ഭരണരീതിയുടെ ആവിഷ്കരണത്തിന്നു "മുമ്പും കയ്യു"മായി പ്രവൃത്തിച്ചതു്. എന്നാൽ, അതിൽ അസഹിഷ്ണുക്കളും അസൂയാലുക്കളുമായ ആ ബ്രാഹ്മണവർഗ്ഗം പല വിപ്ലവങ്ങളും വിഷമങ്ങളുമുണ്ടാക്കുകയും നാഗവർഗ്ഗത്തിൻെറ ശക്തതയെ വളർത്തുകയുംചെയ്തു. എങ്കിലും സംസ്കാരസമ്പന്നന്മാരും കൌശലശാലികളും, ദീർഘദൃഷ്ടിയോടുകൂടിയവരുമായിരുന്ന ആ ന്യൂനപക്ഷം ചിരേണ സമ്പൂർണ്ണമായ മേലദ്ധ്യക്ഷതയും, മേൽകോയ്മാധികാരവും കയ്യടക്കി, നാഗവർഗ്ഗക്കാരെ വിശ്വസ്ഥവിധേയരാക്കിത്തീർത്തു. അതു്, അത്യന്തം അതിശയകരവും, വിജ്ഞാനപ്രദവുമായ ഒരു വിചിത്ര ചരിത്രമാകുന്നു. അതിൻെറ വിവരണത്തിന്നോ, നിരൂപണത്തിന്നോ ഇവിടെ സൗകര്യമില്ല. ഇംഗ്ലീഷുകാർ ഇന്ത്യയിൽ പ്രയോഗിച്ചിട്ടുള്ള പല അടവുകളും, അവക്കും പുറമെ പല സാമുദായിക വ്യതിയാനങ്ങളും, ബ്രാഹ്മണവർഗ്ഗം, അക്കാലത്തെ അധികാരലബ്ധിക്കുവേണ്ടി ചെയ്തിട്ടുണ്ടു്. നാഗന്മാരുടെ സ്ത്രീകളെ ബ്രാഹ്മണക്കു സംബന്ധമാവാം എന്ന വ്യവസ്ഥയും, ബ്രാഹ്മണനായാലും, ആയുധാഭ്യാസമാവാം എന്ന നടപടിയും, ബ്രാഹ്മണരോടു് അടുപ്പവും ഭക്തിയുമുള്ളവക്കു്, "ജാതിശ്രേഷ്ഠത്" ഉണ്ടെന്നുള്ള അഭിപ്രായവും, അങ്ങിനെ പലതും, അന്നത്തെ അവരുടെ "പഞ്ചതന്ത്രങ്ങ"ളിൽ ഉൾപ്പെട്ടവയാകുന്നു. നാഗന്മാർ ആവിഷ്കരിച്ചതും, ആചരിച്ചുതുടങ്ങിയതുമായ "സമുദായഭരണത്തിൽ", ചുരുങ്ങിയ കാലത്തിന്നിടക്കു്, പ്രമുഖന്മാരും, പ്രമാണികളും ആയ്യന്മാരായിരുന്ന ബ്രാഹ്മണരായിത്തീർന്നു. എന്നാലും, സമുദായസൌഹാർദ്ദം ക്രമേണ സംസ്ഥാപിതമാകുകയും, "ബ്രാഹ്മണശൂദ്ര" ഐക്യം സുദൃഢമാകുകയും ചെയ്തു. തന്നിമിത്തം, "നാഗബ്രാഹ്മണ" സൃഷ്ടിയായ സമുദായഭരണസമ്പ്രദായം, വളരെക്കാലം, വിശ്രുതമായവിധത്തിൽ വിജയിക്കുകതന്നെ ചെയ്തു അക്കാലത്തു്, "നാട്ടുകൂട്ട"ങ്ങൾക്കുണ്ടായിരുന്ന അധികാരശക്തികൾ, സവിശദങ്ങളും, സുദൃഢങ്ങളുമായിരുന്നു.

## II

നാഗബ്രാഹ്മണമത്സരംകഴിഞ്ഞു: സമുദായഭരണം ഉറച്ചതിന്നുശേഷമുള്ള അതിൻെറ ചരിത്രംമാത്രമാണു് ചുരുക്കി കാണാവാൻ

കഴിയുന്നതു്. ആദിരൂപവും ആരംഭഘട്ടവും ഇരുളടഞ്ഞുകിടക്കുന്നു. നമുക്കു സിദ്ധിച്ചിട്ടുള്ള അറിവനുസരിച്ചു, സമുദായഭരണത്തേയും, അതിൻെറ പ്രധാനഘടകമായ നാട്ടുകൂട്ടങ്ങളേയും ഇപ്രകാരം വിവരിക്കാം;

ഓരോ ദേശത്തിൻെറയും നാഗബ്രാഹ്മണസമുദായങ്ങളുടേയും പ്രതിനിധികളായി, ഭരണാധികാരികളായി, ഒട്ടാകെ നാലാളുകളെ തിരഞ്ഞെടുത്തു. അവക്കു് "രക്ഷാപുരുഷന്മാർ" — "തളിയാതിതിമാർ" എന്നുള്ള സ്ഥാനപ്പേരുനല്കി. അവർ നാലുപേരും ബ്രാഹ്മണവർഗ്ഗക്കാരായിരുന്നു. നാഗവർഗ്ഗത്തിൽനിന്നു "പ്രധാനമന്ത്രി" എന്ന ഉദ്യോഗപ്പേരോടുകൂടി; വേറെ ഒരാളെ തിരഞ്ഞെടുത്തു. അവരെ അഞ്ചുപേരെയും കേരളത്തിൻെറ പ്രതിപുരുഷന്മാരായി "അവരോധിക്ക"യും ഭരണാധികാരം അവരിൽ അർപ്പിക്കപ്പെടുകയും ചെയ്തു. തിരഞ്ഞെടുപ്പു്. ഇന്നത്തെപോലെ "വോട്ടുപെട്ടി"യിൽകൂടിയായിരുന്നില്ല. തളിയാതിതിമാരെ മുമ്മൂന്നു കൊല്ലത്തേക്കും പ്രധാനമന്ത്രിയെ പന്ത്രണ്ടുകൊല്ലത്തേക്കുമാണു നിശ്ചയിച്ചിരുന്നതു്; ഭരണതത്വത്തിന്നു സ്ഥിരതയും, "പുതുരക്ത"ത്തിൻെറ പ്രവേശവും നാഗബ്രാഹ്മണവർഗ്ഗങ്ങളുടെ പ്രീണനവും ഈ ഏർപ്പാടുകൊണ്ടു സാധിച്ചു. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടവക്കു വീണ്ടും" തിരഞ്ഞെടുപ്പിന്നു നില്ക്കാനും മത്സരിക്കാനും "അവകാശമില്ലെന്നു പ്രത്യേകം വ്യവസ്ഥവരുത്തി. തിരഞ്ഞെടുപ്പുകളിൽ ചില ചില പ്രത്യേക അവകാശങ്ങളും സ്ഥാനമാനാദികളും നൽകി, "നാട്ടുപ്രമാണി"കളുടെയും പ്രീതി സമ്പാദിച്ചു. അവരോധത്തിൻെറ അധികാരം" അവരോധനമ്പികൾ" എന്ന "സ്ഥാനികൾ"ക്കായിരുന്നു.

കേരളത്തെ ഒട്ടാകെ നാലു കഴകങ്ങളാക്കി തിരിച്ചു. ഓരോന്നിന്നും ഓരോ രക്ഷാപുരുഷന്മാരെ നിശ്ചയിച്ചു. പെരിഞ്ചെല്ലൂർ, പയ്യന്നൂർ, പറപ്പൂർ, ചെങ്ങനിയൂർ ഇവയായിരുന്നു നാലു കഴകങ്ങൾ. ഓരോ കഴകത്തിലും, പല "ഗ്രാമങ്ങൾ" ഉണ്ടായിരുന്നു; ഒട്ടാകെ അറുപത്തിനാലു ഗ്രാമങ്ങൾ എന്നാണു്, ഒരു കണക്കു കാണുന്നതു്. എല്ലാ കഴകങ്ങളുടെയും മേലധികാരത്തിൽ അഞ്ചു മഹാസഭകളുണ്ടായിരുന്നു. മതാചാരസഭ, ഭരണസഭ, കച്ചവടസഭ, വ്യവസായസഭ, വൈദ്യസഭ ഇവയായിരുന്നു ആ സഭകൾ. ഇന്നത്തെ "അഞ്ചുമേജർ ഡിപ്പാർട്ടുമെണ്ടു്"കളുടെ സ്ഥാനമായിരുന്നു ആ സഭകൾക്കു്, എത്ര ആധുനികവും പരിഷ്കൃതവുമായിരുന്നു ആ ഏർപ്പാടു്! ഈ സഭകൾ, സമുദായഭരണകാലത്തു മുഴുവനും കാ

ര്യക്ഷമതയോടുകൂടി പ്രവൃത്തിച്ചു. പിന്നീടുണ്ടായ "പെരുമാൾ ഭരണ"കാലത്തും: അവ നിലനിന്നു. പെരുമാളുടെ തലസ്ഥാനനഗരിയായിരുന്ന തിരുവഞ്ചിക്കുളത്തുനിന്ന്, ഏതാനും നാഴികമാത്രം വടക്കുമാറി, "തൃക്കണാമതിലകം" എന്നു പിന്നീട് പ്രഖ്യാതിപ്രാപിച്ച സ്ഥലത്ത്, ഈ സഭകൾ സമ്മേളിച്ചിരുന്നതായി കാണുന്നുണ്ട്. രക്ഷാപുരുഷന്മാരിൽ ഓരോരുത്തർക്ക് ഓരോ സഭയുടെ അദ്ധ്യക്ഷതയും എല്ലാവർക്കുംകൂടി, എല്ലാററിന്റേയും മേലധികാരവും ഉണ്ടായിരുന്നു. ഇന്നത്തെ മന്ത്രിമാരുടെ ഉദ്യോഗസ്വാതന്ത്ര്യവും കാബിനററിന്റെ "കൂട്ടബാദ്ധ്യതയും" താത്വികമായി, നമുക്കു അവിടെ ദർശിക്കാവുന്നതാണ്.

ആര്യബ്രാഹ്മണരുടെ ആദ്യത്തെ കേരളസങ്കേതമായിരുന്നു "തൃക്കാരിയൂർ". തൃക്കാരിയൂർ ക്ഷേത്രത്തിന്റെ കിഴക്കെ നടക്കലുള്ള കൊട്ടിലിൽ കേരളത്തിലെ പ്രമാണക്കാരെല്ലാം യോഗം ചേർന്നിട്ടാണു, മേല്പറഞ്ഞവരുടെ അവരോധം നടത്തിയിരുന്നതു്. പ്രതിജ്ഞകൾക്കുശേഷമായിരുന്നു, അവരോധവും, അധികാരദാനവും. സത്യവാചകങ്ങൾ വളരെ ഉഗ്രങ്ങളായിരുന്നു. സത്യധർമ്മാദികൾക്കും നാട്ടുനടപ്പുകൾക്കും വിധേയരായി ഭരണകാര്യങ്ങൾ നടത്തിക്കൊള്ളാമെന്നുമാത്രമായിരുന്നില്ല പ്രതിജ്ഞ. ഊഴംകഴിഞ്ഞാൽ, ഒഴിഞ്ഞുമാറിക്കൊള്ളാമെന്നും സമുദായത്തിൽ കക്ഷിമത്സരവും കുഴപ്പങ്ങളും ഉണ്ടാകാതിരിക്കുന്നതിന്നു, സ്ഥാനം വിട്ടൊഴിഞ്ഞാൽ പ്രാണത്യാഗംചെയ്തുകൊള്ളാമെന്നുംകൂടി പ്രതിജ്ഞചെയ്യേണ്ടിയിരുന്നു! അങ്ങിനെ പ്രാണത്യാഗം ചെയ്തിട്ടുള്ള പലരുടെ കഥകളും കേരളചരിത്രത്തിലുണ്ട്. ഇന്നത്തെ ജനപ്രതിനിധികളായ മന്ത്രിപുംഗവന്മാർക്കും അങ്ങിനെ വല്ലതുമൊരു സത്യവാചകമുണ്ടായിരുന്നു എങ്കിൽ, ഭരണം എത്ര നന്നാകുമായിരുന്നു!

## III

ഓരോ ഗ്രാമങ്ങളിലും പ്രധാനപ്പെട്ട പൊതുകാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ പൊതുയോഗങ്ങൾ കൂടാറുണ്ട്. അതിന്നുപുറമെ ഓരോ ഗ്രാമസങ്കേതങ്ങളിലും പൊതുജനങ്ങൾ യോഗംചേർന്നു കാര്യവിചാരം ചെയ്യാറുണ്ട്. അവയെ "കൂട്ടം" എന്ന പേരിനാൽതന്നെയാണ് അറിയപ്പെട്ടിരുന്നതു്. ദേശങ്ങളെ "തറ"കളെന്നും പറഞ്ഞുവന്നിരുന്നു. ആൾത്തോതനുസരിച്ച് "അഞ്ഞൂററവർ" അറുനൂററവർ" എന്നീപ്രകാരം തരംതിരിച്ചിരുന്നു. ഇന്നും കൊടുങ്ങല്ലൂരിൽ നി

ലനിന്നുപോരുന്ന "ഒന്നുകുറെ ആയിരത്തവർ" എന്നയോഗം അന്നത്തെ "കൂട്ടത്തി"ൻെറ അവശിഷ്ടമാകുന്നു. "കൂട്ട"ങ്ങളിൽ "പ്രായപൂർത്തിവോട്ടും" തുല്യാവകാശവും ഉണ്ടായിരുന്നു എങ്കിലും പ്രമാണികളും "കാരണവന്മാരു"മാണു മുമ്പുനിന്നു പ്രവർത്തിച്ചിരുന്നതു്. ഇന്നത്തെ "ഹസ്തതാഡന"ത്തിനുപകരം "ആർപ്പുവിളി"യായിരുന്നു അന്നത്തെ സഭായോഗങ്ങളിലെ പതിവു്.

"കൂട്ട"ങ്ങൾക്കെല്ലാംതന്നെ സാരമായ ഒരു പ്രത്യേകതയുണ്ടായിരുന്നു. ഏതുതറയും, ദേശവും, ഗ്രാമവും, കഴകവും, അതാതിൻെറതായ ഒരു ക്ഷേത്രത്തോടുകൂടിയതായിരുന്നു; ഒരു ഭരദേവതാക്ഷേത്രം! ക്ഷേത്രങ്ങളില്ലാത്ത ദിക്കിൽ, പുതിയ ക്ഷേത്രപ്രതിഷ്ഠ നിർവ്വഹിച്ചും ആ കുറവു നികത്തിയിരുന്നു. അവയ്ക്കു വേണ്ട അർത്ഥപുഷ്ടി മുഴുവനും നാഗപക്ഷത്തുനിന്നു്, അനായാസേന സംഭാവിതങ്ങളായി; "തന്ത്രാധികാരവും", പൂജകളുടെ ചുമതലയും, ബ്രാഹ്മണരും ഏററു; ഇങ്ങിനെയാണു കേരളത്തിലെ മിക്ക ക്ഷേത്രങ്ങളുടേയും പൂർവ്വചരിത്രം. ക്ഷേത്രസന്നിധിയിലല്ലാതെ "കൂട്ടംകൂടുക" പതിവില്ല. സ്ഥലസൌകര്യം മാത്രമല്ല, ഈശ്വരപ്രീതിയും അതിൽ അന്തർഭവിച്ചിരുന്നു. കൂട്ടംകൂടുന്ന ദിവസങ്ങളിൽ, വിശേഷാൽ പൂജകളും, നടത്തപ്പെട്ടിരുന്നു. "കൂട്ട"ങ്ങളെല്ലാം ഏറെക്കുറെ സ്വതന്ത്രങ്ങളായിരുന്നു. പണ്ടത്തെ ഗ്രീസ്സിലെ "സിററി സ്റ്റേററ്സ്"കളുടെ ഒരു ഛായ, അന്നത്തെ കേരളത്തിലെ "കൂട്ട"ങ്ങൾക്കുണ്ടായിരുന്നു.

കേരളത്തെ ഒട്ടാകെ പ്രതിനിധീകരിക്കുന്ന പൊതുജനസമ്മേളനത്തിന്നാണു് സാങ്കേതികാർത്ഥത്തിൽ "നാട്ടുകൂട്ടം" എന്ന പേർ പറഞ്ഞിരുന്നതു്. അതിനെ "പെരുംകൂട്ടം" എന്നും പറയാറുണ്ടു്. സമസ്തകേരള സംബന്ധികളായ വലിയ "പ്രശ്ന"ങ്ങളുടെയോ, പ്രക്ഷോഭണങ്ങളുടെയോ വിചിന്തനത്തിനാണു് "പെരുംകൂട്ടം" കൂടാറു. അതു വല്ലപ്പോഴും മാത്രമേ കൂടാറുള്ളു. അങ്ങിനെ ഒരു "പെരുംകൂട്ടം" കൂടീട്ടാണു് "പെരുമാൾ വാഴ്ച" സ്വാഗതം ചെയ്യപ്പെട്ടതു്. ഒടുവു കാലത്തു കാണപ്പെട്ട തിരുന്നാവായ മണപ്പുറത്തെ "മാമാങ്കം" ആ പെരുംകൂട്ടത്തിൻെറ തന്നെ ഒരു അനന്തരരൂപമാകുന്നു. പെരുംകൂട്ടത്തിനുണ്ടായിരുന്ന അധികാരാവകാശങ്ങൾ അതിവിപുലങ്ങളും അപ്രതിഹതങ്ങളുമായിരുന്നു. ഒരു രാജാവും ചക്രവർത്തിയും ഭരണാധികാരിയും "പെരുംകൂട്ട"ത്തിൻെറ തീർപ്പുകളെ നിന്ദിക്കുവാനോ, നിരസിക്കുവാനോ ധൈര്യപ്പെട്ടിരുന്നില്ല. ജനഹിതം പാലിക്കുന്ന ഭരണാധികാരിയോടു വിനീതവിധേയത്വവും അല്ലാത്തവരോടു കഠി

നമായ എതിൎപ്പും ജനങ്ങൾ പ്രദൎശിപ്പിച്ചിരുന്നു. രാജാക്കന്മാരെ ധിക്കരിക്കുകയല്ല ഭ്രഷ്ടാക്കിത്തള്ളുകയല്ല മൃത്യുവശഗരാക്കയുംകൂടി നാട്ടുകൂട്ടം ചെയ്തിരുന്നു!

രണ്ടുതരത്തിൽ "നാട്ടുകൂട്ട"ങ്ങളുടെ സമ്മേളനം സംഭവിക്കാറുണ്ടു്. രാജാവിൻെറ ആവശ്യപ്രകാരവും ജനങ്ങൾ സ്വമേധയ ഉണന്നു പ്രവൎത്തിച്ചിട്ടും ജനഹിതം അറിയുവാൻ രാജാവും രാജാവിന്നു എതിരായിത്തീൎന്ന ജനഹിതം രാജാവിനെ അറിയിക്കുവാൻ ജനങ്ങളും നാട്ടുകൂട്ടം വിളിച്ചുകൂട്ടാറുണ്ടു്. രണ്ടിലേയും സമ്മേളനമൎയ്യാദകൾ മിക്കവാറും ഒരുപോലെയായിരുന്നു. രാജാവായാലും ജനങ്ങളായാലും "നാട്ടുപ്രമാണികൾ" മുഖേനയാണ "കൂട്ടം" വിളിക്കുക പതിവു്. രാജാവു വിളിച്ചുകൂട്ടുകയാണെങ്കിൽ "കൂട്ടംകൂടു"ന്നതു രാജധാനിക്കു തൊട്ടുള്ള ക്ഷേത്രസന്നിധിയിലായിരിക്കും. രാജപ്രതിനിധി ഹാജരായി രാജഹിതം അറിയിക്കും. "കൂട്ടം" ആലോചിച്ചു തീൎപ്പുചെയ്യും. തീൎപ്പു രാജാവിന്നു് അനുകൂലമായിരുന്നാൽ മൂന്നുതവണ "ആൎപ്പു വിളിക്കും!" പ്രതികൂലമായിരുന്നാൽ "കൂട്ടം" മൌനംഅവലംബിച്ചു "കൂട്ടംപിരിയും". ജനങ്ങൾ വിളിച്ചുകൂട്ടുന്ന "നാട്ടുകൂട്ടത്തിൽ മനഃപൂൎവ്വം ഹാജരാവാതിരിക്കുന്ന പ്രമാണികളേയും പ്രഭുക്കന്മാരേയും "കൂട്ടം" ഭ്രഷ്ടുകല്പിച്ചു നിഷ്കാസനംചെയ്കയും അവരുടെ സ്വത്തുകൾ "കണ്ടുകെട്ടുക"യും ചെയ്തിരുന്നു.

"നാട്ടുകൂട്ട"ത്തെക്കുറിച്ചു് ഒരു ഡച്ചുകാരൻ വിവരിച്ചുകാണുന്നുണ്ടു്. അതിൽനിന്നു് ഏതാനും വാചകങ്ങൾ ഉദ്ധരിക്കാം. ഡച്ചുകാരുടെ കാലമായപ്പൊഴക്കും "നാട്ടുകൂട്ടങ്ങൾ" ശക്തിക്ഷയിച്ചു വെറും തൊണ്ടുകൾ ആയിക്കഴിഞ്ഞിരുന്നു. "ഭരണക്കാരുടെ സ്വേച്ഛാധികാരത്തിന്നുള്ള അമച്ചു് നാട്ടുകൂട്ടങ്ങളായിരുന്നു. വല്ലപ്പോഴുമാണവ കൂടാറുള്ളതു്. രാജാവിനെക്കൊണ്ടുള്ള ദ്രോഹമോ രാജ്യവ്യാപകമായ വല്ല പ്രധാന സംഗതിയോ ഉണ്ടാകുമ്പോഴാണ "നാട്ടുകൂട്ടങ്ങൾ" തന്നത്താൻ കൂടാറുള്ളതു്. അതിനെ തടുക്കുവാൻ രാജാവു പല തടവുകളും അടവുകളും എടുക്കും. കൂട്ടംകൂടി തീൎപ്പുകല്പിച്ചാൽ രാജാവു എതിൎത്തുനില്ക്കാതെ രാജ്യം വിട്ടോടും. അങ്ങിനെയുള്ള സന്ദൎഭങ്ങളിൽ അയൽരാജാക്കന്മാരും മററും മദ്ധ്യസ്ഥത പറഞ്ഞു് കാൎയ്യം ഭംഗിയാക്കാറുമുണ്ടു്. ഇംഗ്ലണ്ടിലെ ചാറൽസ് ഒന്നാമനെറ കാൎയ്യം അനുസ്മരിക്കുക.

നാട്ടുകൂട്ടങ്ങൾക്കു് ഒരു സുവൎണ്ണകാലമുണ്ടായിരുന്നു എന്നു നിരാക്ഷേപമാണു്. എന്നാൽ അവയുംകാലാന്തരത്തിൽ അധഃപ്പതനവും

നാശവും സംഭവിച്ചു. ഭരണാധികാരികൾ സ്വാർത്ഥികളും അധികാരക്കൊതിയന്മാരുമായതാണ് അന്നും നാശകാരണം. രക്ഷാപുരുഷന്മാർ സ്ഥാനമൊഴിയാൻ മനസ്സില്ലാത്തവരായും ഒഴിഞ്ഞവർ കക്ഷിബലം വർദ്ധിപ്പിച്ചു വഴക്കുണ്ടാക്കുവാൻ ശ്രമിക്കുന്നവരായും തീർന്നതാണ് സമുദായഭരണസമ്പ്രദായത്തിന്റെ മരണമണികളായിത്തീർന്നത്. അവസാനത്തിൽ അന്തഃഛിദ്രം മുഴുത്തു നിവൃത്തിയില്ലാതായപ്പോൾ തിരുനാവായ മണപ്പുറത്തു "പെരുംകൂട്ടം" കൂട്ടി. ആ തക്കം നോക്കി അന്നത്തെ കൊങ്ങു രാജാവും നയജ്ഞനും സമർത്ഥനും ശക്തനുമായിരുന്ന "ബാണവർമ്മൻ ഉദയൻ ചേരനാതൻ" കേരളത്തിൽ വന്നു മാദ്ധ്യസ്ഥം വഹിച്ചു നാട്ടുകൂട്ടം തിരഞ്ഞെടുത്ത ഒന്നാമത്തെ "പന്ത്രണ്ടുകൊല്ലക്കാരൻ പ്രസിഡണ്ടായി. "പെരുമാൾ പടമേറി രാജാധികാരിയായി. അതുണ്ടായതു ക്രി. മു. 118-ൽ ആണെന്നു "ഉദ്ധരം" എന്ന കലിസംഖ്യയിൽനിന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇതാണു സമുദായഭരണകാലത്തിലെ പ്രസിദ്ധ ഘടകമായ "നാട്ടുകൂട്ട"ത്തിന്റെ സംക്ഷിപ്തചരിത്രം. വിശദാംശങ്ങളെയോ, പിൽക്കാലചരിത്രത്തെയോ സ്പർശിക്കുവാൻ സമയം പോരാതിരിക്കുന്നു. ഇപ്പോൾ ഇങ്ങിനെ നില്ക്കട്ടെ. എല്ലാവർക്കും വന്ദനം!!

—•-•—

# സ്കൂൾ കുറിപ്പുകൾ

## ചിററൂർ—വി. ജി. ഗേൾസ് ഹൈസ്കൂൾ

ഈപ്പള്ളി സ്കൂൾ വാർഷികോത്സവം 27-1-54-ൽ പാലക്കാട്ട് ഗവർമെണ്ട് വിക്ടോറിയാ കാളേജ് പ്രിൻസിപ്പാൾ ശ്രീ. പി. കൊച്ചുണ്ണിപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ആ അവസരത്തിൽ നടന്ന വിവിധ പരിപാടികളിൽ ഞങ്ങളെ മാത്രമല്ല; സദസ്യരെ ആകമാനം ആനന്ദപുളകം കൊള്ളിച്ചത് കൊച്ചുബാലികമാരുടെ "ധ്രുവചരിതം" നാടകമായിരുന്നു. നാടകത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും [illegible] വക [illegible]മായ [illegible] അഭിനന്ദനവും കൊടുത്തു.

*

## നാടകാഭിനയക്കാർ.

1. എം. വരദ II class (ധ്രുവൻ)
2. സി. ലക്ഷ്മീകുമാരി II calss (ഉത്തമൻ)
3. എം. ഗിരിജ III class (മഹാവിഷ്ണു)
4. സി. പി. നാരായണിക്കുട്ടി IV class (നാരദൻ)
5. കെ. വി. ലളിത IV class (ഉത്താനപാദൻ)
6. വി. ആർ. തങ്കമ്മ V class സുരുചി
7. കെ. വി. രാജലക്ഷ്മി V class സുനീതി.

—:o:—

## എം. ഡി. എം. ഹയർ എലിമെണ്ടറിസ്കൂൾ—കൊടുവായൂർ

ഡെപ്യൂട്ടികളക്ടറും, പ്രോജക്ട് എക്സിക്യൂട്ടീവ് ആഫീസ്സറുമായ ശ്രീ. എം. ജി, ബാലസുബ്രഹ്മണ്യം ഐ. എ. എസ്സിന്റെ അദ്ധ്യക്ഷതയിൽ 23-1-54ൽ ഈ, സ്കൂളിലെ വാർഷികദിനം കൊണ്ടാടുകയുണ്ടായി. മാസികത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയ സംഗീതനാടകമായ—സീതാകല്യാണമാണ് [illegible]വിദ്യാർത്ഥിനികൾ അഭിനയിച്ചതു്. കുട്ടികളുടെ സംഗീതപാടവം പ്രശംസാർഹമാണ്. സന്ദർഭോചിതമായ സ്വേഷവിധാനങ്ങൾ അത്യന്തം സ്വാഭാവികമായി ബാലികമാർ പ്രദർശിപ്പിച്ചതു ഏററവും ഹൃദയാവർജ്ജകമായിട്ടുണ്ടു്. നാടകത്തിൽ പങ്കെടുത്ത ബാലികമാർക്കെല്ലാം മാസികം കമ്മിററിവക ഉചിതമായ ഓരോ സമ്മാനവും കൊടുത്തു.

—o—

## നാടകാഭിനയക്കാർ.

1. ഇ. പി. അമ്മിണിക്കുട്ടി VIII std. (ജനകൻ)
2. കെ. ജാനകി VIII std. (വിശ്വാമിത്രൻ)
3. പി. ശ്യാമളാദേവി VIII std. (രാമൻ)
4. സബൂറബീവി VIII std. (നടി-മാതംഗി)
5. സി. കെ. കനകം VIII std. (അഹല്യ)
8. ഇന്ദിരാദേവി VII std (ശതാനന്ദൻ)
9. രമാദേവി VII std (വസിഷ്ഠൻ)
10. സരസ്വതി VII std (ഭടൻ)
11. സുലോചന VII std (സൂത്രധാരൻ)
12. സാവിത്രി VII std (സീത)

6. സി. മീനാലോചന VIII std. (മന്ത്രി)
7. എൻ. വിജയലക്ഷ്മി VIII std. (മാരീചൻ)
13. ശോഭ III std. (ശ്രീരാമൻ)
14. ശാന്തകുമാരി III std. (സീത)
15. ചന്ദ്രിക II std. (ലക്ഷ്മണൻ)

## ഹൈസ്കൂൾ—പെരുവെമ്പ്

കല്ക്കത്തയിൽ 53 ഡിസംബർ 28, 29, 30, 31 എന്നീ തീയതികളിൽ നടന്ന അഖിലേന്ത്യാ വിദ്യാഭ്യാസ സമ്മേളനത്തിൽ ടി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സി. രാജഗോപാലൻ ബി. എ. ബി. ടി.യും, അസിസ്റ്റൻ്റ് ശ്രീ. സി. നാരായണസ്വാമിയും പങ്കെടുത്തു. ടാഗോർ ശാന്തിനികേതനം, ദക്ഷിണേശ്വരക്ഷേത്രം, ബേലൂർ മഠം മുതലായവ സന്ദർശിച്ചിരുന്നു. അതൊക്കെ വിദ്യാർത്ഥികൾക്കു ഉപയോഗപ്പെടത്തക്ക പല വിജ്ഞാനശകലങ്ങളും ശേഖരിപ്പാൻ പറ്റിയതായ ഇത്തരം പര്യടനങ്ങൾ അധ്യാപകന്മാർ നടത്തുന്നതു പ്രശംസാർഹമാണ്.

## കടമ്പഴിപ്പുറം ഹൈസ്കൂൾ

ഈ സ്കൂളിലെ വാർഷികോത്സവം 31—1—54 ഞായറാഴ്ച പാലക്കാട്ട് വിക്ടോറിയാ കാളേജ് വൈസ് പ്രിൻസിപ്പാൾ ശ്രീ. ടി. എൻ. വെങ്കിടനാരായണാചാരിയുടെ അദ്ധ്യക്ഷതയിൽ സന്തോഷപൂർവ്വം കൊണ്ടാടപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ വക ഡ്രില്ലുകൾ, കഥാകാലക്ഷേപം, കൈകൊട്ടിക്കളി മുതലായ കലാപ്രകടനങ്ങൾ ഉണ്ടായി. എല്ലാംകൂടി വാർഷികോത്സവം അത്യന്തം വിജയപ്രദമായി.

## ചിററലഞ്ചേരി എച്ച്. ഇ. സ്കൂൾ, പ്രത്യേക റിപ്പോർട്ട്.

ചിററലഞ്ചേരി എച്ച്. ഇ. സ്കൂളിൻ്റെ വാർഷികോത്സവം 19-12-53-ൽ ശ്രീ. എൻ. വി. കൃഷ്ണവാരിയർ, എം. എ. (എറണാകുളം) യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മാനേജരും ഹെഡ്മാസ്റ്ററും ആയ ശ്രീ. എം. സേതുമാധവൻനായരുടെ സ്വാഗതപ്രസംഗത്തിനുശേഷം, റിപ്പോർട്ടുവായന, പാരിതോഷികദാനം, അദ്ധ്യക്ഷപ്രസംഗം മുതലായവ കഴിഞ്ഞ് ബാലികാബാലന്മാരുടെ വിവിധകലാപ്രകടനങ്ങളുമുണ്ടായി.

ഡൽഹിയിലെ ഡാക്ടർ എം. രാമൻനായർ തൻ്റെ പരേതയായ വന്ദ്യമാതാവ് "കളത്തിൽ കല്യാണിയമ്മ"യുടെ സ്മാരകാർത്ഥം സ്കൂളിലേക്ക സംഭാവന ചെയ്യപ്പെട്ട കെട്ടിടത്തെക്കുറിച്ചും മലയായിലെ ചിററലഞ്ചേരിക്കാരായ മഹാന്മാരാൽ സ്കൂളിലേക്ക സംഭാവന ചെയ്യപ്പെട്ട റേഡിയോസെററിനെക്കുറിച്ചും മാനേജർ ഹാർദ്ദമായ അഭിനന്ദനം രേഖപ്പെടുത്തി. കലാപ്രകടനങ്ങളിൽ നരസിംഹാവതാരത്തിൽ പാലക്കാട്ട് പി. കേശവൻ എന്ന ബാലൻ്റെ ഓട്ടൻതുള്ളൽ അത്യന്തം ഹൃദയാവർജ്ജകമായിരുന്നു.

സാഹിത്യത്തിൽ സംഗീതത്തിനുള്ള സ്ഥാനം എന്ന വിഷയത്തെ പുരസ്കരിച്ചു വിജ്ഞാനപ്രദവും രസവും സംഗീതപൂരിതവും ആയിരുന്ന അദ്ധ്യക്ഷന്റെ പ്രസംഗം—അനന്തരം വിദ്വാൻ ടി. കെ. രാമമേനോൻ വിരചിച്ച "ത്യാഗി" എന്ന നാടകം അഭിനയിച്ചു. കവിസമ്മേളനം പ്രകടനപ്രസംഗം മുതലായ എല്ലാ വിഷയങ്ങളിലും പങ്കെടുത്തു വിജയിച്ച എല്ലാവർക്കും പൊതുജനങ്ങളുടെ വകയായി ഒട്ടേറെ സമ്മാനങ്ങളും ഉണ്ടായി.

ഒരു മഹോത്സവത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന സ്മാരകമന്ദിരത്തെപ്പറ്റി അദ്ധ്യക്ഷൻ പ്രകീർത്തിക്കുകയും ഈ വിജയത്തിനുവേണ്ടി പ്രവർത്തിച്ച എല്ലാ വ്യക്തികളെയും അനുമോദിക്കുകയും ഒടുവിൽ കൃത്യം 9 മണിക്ക് ദേശീയഗാനത്തോടുകൂടി യോഗം സമംഗളം പര്യവസാനിക്കുകയും ചെയ്തു.

---